# DIOCESAN BULLETIN

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 21 No. 9, 2010 September 15**


എഡിറ്റോറിയൽ

# വിദ്യാഭ്യാസാവകാശവും സ്കൂൾ അച്ചടക്കവും

കഴിഞ്ഞ അദ്ധ്യാപകദിനത്തിന്റെ തലേന്ന് ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംങ് നാഷണൽ അവാർഡ് ജേതാക്കളായ അദ്ധ്യാപകരെ അഭിസംബോധന ചെയ്തുകൊണ്ട് കുട്ടികൾ സ്കൂളിൽ എത്തുവാൻ ഭയപ്പെടുന്ന അന്തരീക്ഷം ഉണ്ടാകാതിരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. ഇടയ്ക്കിടയ്ക്ക് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വിചിത്രവും കിരാതവുമായ ശിക്ഷാരീതികളെ മനസ്സിൽ വച്ചായിരിക്കണം അദ്ദേഹം അത് ചെയ്തത്. ടീച്ചറുടെ പേഴ്സിൽ നിന്ന് പണം ചൂണ്ടിയെന്ന് സംശയിച്ച് കുട്ടിയുടെ വിരൽ തിളച്ച എണ്ണയിൽ മുക്കുക, സ്കൂളിൽ വൈകിയെത്തിയതിന് ഉച്ചവെയിലിൽ നിർത്തുക, അദ്ധ്യാപകർ പഠിപ്പിക്കുന്നതിനിടയിൽ പുറത്തേയ്ക്ക് നോക്കിയ കുട്ടിയെ ആ നിലയിൽ മണിക്കൂറുകളോളം ഇരുത്തുക, കായിക പരിശീലനത്തിനിടയിൽ പിഴവു വരുത്തിയതിന് സ്കൂളിന്റെ പടികൾ തിരിഞ്ഞുനോക്കാനനുവദിക്കാതെ പിമ്പോട്ട് ചാടിക്കയറ്റുക, കഴിയാതെ വന്നാൽ പ്രഹരിക്കുക എന്നിങ്ങനെയുള്ള ശിക്ഷാമുറകൾ അപൂർവ്വമായെങ്കിലും സ്കൂളുകളിൽ അരങ്ങേറാറുണ്ട്. അദ്ധ്യാപകരുടെ അടിയും ശകാരവും കളിയാക്കലും ഭയന്ന് സ്കൂളിനോട് വിടപറയുന്നവർ കുറവല്ല. ഗൗരവമുള്ള കുസൃതിത്തരം ഒപ്പിച്ച ശേഷം അനന്തരഫലം ഭയന്ന് സ്കൂളിൽ നിന്ന് മുങ്ങുന്ന വിരുതന്മാരുമുണ്ട്. ഇതൊക്കെ ചിലർക്കെങ്കിലും സ്കൂൾ പേടിസ്വപ്നമാകുന്ന സാഹചര്യങ്ങളാണ്.

പഠനക്രിയ ഫലപ്രദമാകുന്നതിന് പഠിതാവിന്റെ മനസ്സ് നിർഭയവും സ്വതന്ത്രവുമായിരിക്കേണ്ടത് ആവശ്യമാണ്. ഭയം മനസ്സിലുള്ളപ്പോൾ കാര്യങ്ങൾ വേണ്ടവിധം ഗ്രഹിക്കുവാനോ, ശരിയായി ചിന്തിക്കുവാനോ, ശ്രദ്ധ കേന്ദ്രീകരിക്കുവാനോ, വ്യക്തമായ നിഗമനങ്ങളിലെത്തുവാനോ സാധിക്കുകയില്ല. സർഗ്ഗാത്മകത വളരുകയില്ല; ഭാവന വിടരില്ല; മനസ്സ് സ്വസ്ഥമാകില്ല. കായിക പ്രവർത്തനങ്ങൾ പോലും ശരിയാകാതെ വരും. ആകെ താളപ്പിഴവാകും. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഭയലേശമില്ലാത്ത വിദ്യാലയാന്തരീക്ഷം നിലനിർത്തേണ്ടത് ബോധനക്രിയയുടെ ശരിയായ ഫലസിദ്ധിക്ക് അനുപേക്ഷിണീയമാണ്. അത്തരം സാഹചര്യത്തിൽ മാത്രമേ 'പഠനാവകാശം' (Right to Education) എന്ന ആശയം സ്വാർത്ഥമാവുകയുള്ളൂ.

'പഠനാവകാശ ആക്ട്' ശാരീരിക ശിക്ഷ (corporal punishment)യും മാനസിക പീഡനവും വിലക്കുന്നു. ക്ലാസ്സുകയറ്റം തടയലും (detention) സ്കൂളിൽ നിന്ന് പുറത്താക്കലും (dismissal) അനുവദിക്കുന്നില്ല. വിദ്യാർത്ഥികളിൽ ഭയവും, ഉത്കണ്ഠയും, ആശങ്കയും ഇല്ലാതാക്കി നിർവിഘ്നം പഠനം പൂർത്തിയാക്കുന്നതിലാണ് ഈ ആക്ട് ലക്ഷ്യം വയ്ക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിന് തടസ്സം സൃഷ്ടിക്കുന്ന ഒരു സാഹചര്യവും വിദ്യാലയങ്ങളിൽ ഉണ്ടാകാതിരിക്കുന്നതിന് ഇത് സഹായകമാണ്.

ശാരീരിക ശിക്ഷ പൂർണ്ണമായി ഇല്ലാതാക്കുന്നതും ഡീറ്റെൻഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതും ശകാരം പോലും നിയമവിരുദ്ധമാക്കുന്നതും വിദ്യാലയങ്ങളിലെ അച്ചടക്കം താറുമാറാക്കില്ലേ എന്ന സംശയം പ്രസക്തമാണ്. ജിദ്ദു കൃഷ്ണമൂർത്തി എന്ന തത്വചിന്തകൻ ഇതിനു മറുപടി പറയുന്നതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞു. "ശിക്ഷ എന്നത് വിദ്യാർത്ഥികളെ നിയന്ത്രിക്കുവാനുള്ള ഒരു കുറുക്കുവഴിയാണ്. അതുകൊണ്ട് കുട്ടികളെ അടക്കിയിരുത്തുവാൻ സാധിക്കുമായിരിക്കും. പക്ഷേ, യഥാർത്ഥത്തിൽ അച്ചടക്കമുള്ളവരാക്കാൻ പര്യാപ്തമല്ല. ജീവിതപ്രശ്നങ്ങൾ വിവേചിച്ചറിയാൻ ശാരീരികമോ മാനസികമോ ആയ ശിക്ഷ ഒരിക്കലും ഇടവരുത്താറില്ല. നേരെമറിച്ച് അദ്ധ്യാപകർ ഓരോ വിദ്യാർത്ഥിയെയും ശ്രദ്ധിക്കുകയും അവന്റെ തക്കതായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ സന്മനസ്സ് കാണിക്കുകയും ചെയ്താൽ അവനെ അച്ചടക്കമുള്ളവനാക്കുവാൻ അതായിരിക്കും കൂടുതൽ സഹായകമാവുക."

**EDITORIAL BOARD**

*President*
**H.G.Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Prof. Dr. M.P.Mathai**
**Fr. Alias Kuttiparichel**
**Fr. Marydas Stephen**
**Fr. Shibu Kurian**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**വിദ്യാഭ്യാസാവകാശവും സ്കൂൾ അച്ചടക്കവും............ 1**

**വിദ്യാഭ്യാസ നയം അപഹാസ്യമാകുന്നു..................... 3**
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭാ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ – 5 ............. 4**
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ചക്രവർത്തി................................................. 10**
സഖേർ

**പ്രതിവാരധ്യാനം............................................. 12**
ഫാ. ജെറി ജോൺ മാത്യു

**എല്ലാവരോടും പകയോടെ................................ 14**
എം. സൈമൺ


**വാർത്തകൾ – അറിയിപ്പുകൾ.............................. 16**


ശരിയാണ്. ശിക്ഷ നാമൊക്കെ മര്യാദ പഠിപ്പിക്കുവാനുള്ള ഒരു എളുപ്പ വിദ്യയും ഒറ്റമൂലിയുമായിട്ടാണ് പ്രയോഗിക്കാറുള്ളത്. പലപ്പോഴും ശിക്ഷിതർക്ക് ഗുണം ലഭിക്കാൻ എന്നതിനേക്കാൾ നമ്മുടെ ദേഷ്യം തീർക്കാനാണ് നാമത് ചെയ്യുന്നത്. അരിശത്തോടെ ഒരു കുട്ടിയെയും ശിക്ഷിക്കരുതെന്നാണ് പ്രമാണം. കുറ്റവാളിയിൽ കുറ്റബോധം വരുത്തിയശേഷം അയാളുടെ സമ്മതത്തോടെ അയാളുടെ ജീവിതത്തിൽ വരുത്തിയ തിരുത്തലിന്റെ സ്മരണയ്ക്കായി നിർവ്വഹിക്കപ്പെടേണ്ടതാണ് ശിക്ഷ. അത്തരം ശിക്ഷയേ പ്രയോജനം ചെയ്യുകയുള്ളൂ. അത് ശിക്ഷിതനിൽ വെറുപ്പോ പ്രതികാരചിന്തയോ ജനിപ്പിക്കുകയുമില്ല. ചുരുക്കത്തിൽ ശിക്ഷ ശുഭപര്യാവസായി ആയിരിക്കണം.

പക്ഷേ, പറയാൻ എളുപ്പമാണ്. ഒന്നോ രണ്ടോ മക്കളെ നേർവഴി നടത്താൻ മാതാപിതാക്കൾ വിഷമിക്കുന്നു. പലപ്പോഴും പരാജയപ്പെടുന്നു. അപ്പോൾ നാൽപ്പത്തഞ്ചും അതിൽക്കൂടുതലും കുസൃതിക്കുട്ടന്മാർ കൂടുന്ന ക്ലാസ്സിൽ വിദ്യാദാനത്തിന് ഒരു ചുള്ളിക്കമ്പുപോലും കയ്യിൽ ഇല്ലാതെ നിയോഗിതനാകുന്ന അദ്ധ്യാപകന്റെ അവസ്ഥയൊന്ന് ആലോചിക്കൂ. വഴക്കുപറയാനോ, കണ്ണുരുട്ടാനുമോ പാടില്ലാത്ത ദുരവസ്ഥ!

ബോധന പ്രക്രിയയിൽ പ്രശംസയും ശിക്ഷയും (praise and punishment) മനഃശാസ്ത്രം നിർദ്ദേശിക്കുന്നുണ്ട്. പക്ഷേ, വിവേകപൂർവ്വം – judicious way-ൽ ആയിരിക്കണമെന്നു മാത്രം. പരിഷ്കൃതരാജ്യങ്ങളെന്നു വിളിക്കുന്ന പാശ്ചാത്യ നാടുകളിൽ അദ്ധ്യാപകരെ മാത്രമല്ല അച്ഛനമ്മമാരെയും വടി താഴെ വയ്പ്പിച്ചു കഴിഞ്ഞു. നാവടക്കിക്കുകയും ചെയ്തു. വിദേശ ഇന്ത്യാക്കാർ പറഞ്ഞുകേൾക്കുന്നത് അവർ ഏറ്റവും ക്ലേശിക്കുന്നത് ആ നാടുകളിൽ അവരുടെ കുട്ടികളെ ചൊൽപ്പടിയിൽ വളർത്താനാണെന്നാണ്. കുട്ടികളുടെ മേൽ അദ്ധ്യാപകർക്കും അച്ഛനമ്മമാർക്കും സ്വാധീനമോ നിയന്ത്രണമോ ഒട്ടുമേ ഇല്ലാതായിരിക്കുന്നു. നമ്മുടെ സാമൂഹ്യ-വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ആ നിലയിലേയ്ക്കാണോ നീങ്ങുന്നതെന്ന് സംശയിക്കണം. പല തെറ്റുകളും മക്കൾ സ്വന്തം അനുഭവം കൊണ്ട് തിരുത്താൻ അനുവദിക്കാൻ വാത്സല്യത്തോടൊപ്പം ആത്മാഭിമാനമുള്ള നമ്മിൽ എത്രപേർക്ക് സാധ്യമാകും? സർപ്പക്കൂട്ടിലെ വേലായുധനെപ്പോലെ ക്ലാസ്സിൽ അദ്ധ്യാപകരും വീട്ടിൽ അച്ഛനമ്മമാരും അടങ്ങിക്കഴിയേണ്ടിവരുമോ? അതോ, സർവ്വതന്ത്ര സ്വതന്ത്രരായി സമഗ്ര വ്യക്തിത്വവികാസം നേടുന്ന, ഉത്തരവാദിത്തബോധമുള്ള ഇളംതലമുറയിൽ അഭിമാനം കൊള്ളുന്ന ഭാഗ്യശാലികളായി നാം മാറാൻ പോവുകയാണോ? ഏതായാലും ഇന്ന് വിദ്യാർത്ഥികൾ ആണ് പേടിക്കുന്നതെങ്കിൽ നാളെ അദ്ധ്യാപകർ സ്കൂളിലെത്താൻ ഭീതിപ്പെടുന്ന അവസ്ഥ വരാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ട്. ശമ്പളം വാങ്ങാൻ മാത്രമായി വിദ്യാലയങ്ങളിൽ വന്നുപോകുന്ന വിഭാഗമായി അവർ തീരാനും പാടുള്ളതല്ല. ശിക്ഷ എന്ന ആശയത്തെ തിരസ്കരിക്കുകയല്ല, അതിന്റെ രീതികളെ പരിഷ്കരിക്കുകയും പ്രയോജനപ്രദമാക്കുകയുമാണ് വേണ്ടത്; വീട്ടിലും വിദ്യാലയത്തിലും.

മെത്രാപ്പോലീത്തായുടെ കത്ത്



# വിദ്യാഭ്യാസനയം അപഹാസ്യമാകുന്നു

**ക**ഴിഞ്ഞ ദിവസം കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളെജുകളിലെ ഈ വർഷത്തെ വിദ്യാർത്ഥി പ്രവേശനം തടഞ്ഞുകൊണ്ട് ഹൈക്കോടതി ഉത്തരവുണ്ടായി. സുപ്രീം കോടതി അത് സ്റ്റേ ചെയ്യാൻ വിസമ്മതിച്ചു. ഗൗരവതരമായ ചില ക്രമക്കേടുകൾ പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിന്റെ വെളിച്ചത്തിലാണ് വിധി ഉണ്ടായത്. അവ താഴെ ചേർക്കുന്നു.

(1) കോളെജ് പ്രവേശനത്തിനുള്ള അപേക്ഷാഫോറങ്ങൾ ആവശ്യക്കാർക്കെല്ലാം ലഭ്യമാക്കിയില്ല. (2) ഈ കോളേജുകളിലെ പ്രവേശനപരീക്ഷാ നടത്തിപ്പ് സുതാര്യമായിരുന്നില്ല. (3) സ്വാശ്രയാ കോളെജുകളുടെ പ്രവർത്തനങ്ങളുടെ മേലന്വേഷണത്തിന് നിയുക്തമായ മുഹമ്മദ് കമ്മിറ്റിയെ പരീക്ഷ സംബന്ധിച്ചോ, പ്രവേശനം സംബന്ധിച്ചോ ഉള്ള പ്രക്രിയയിൽ ഇടപെടുത്തിയില്ല. തല്സംബന്ധമായ അറിയിപ്പുകൾ പോലും അതിന് നൽകിയില്ല. അഴിമതി നടന്നിട്ടുണ്ട് എന്ന് സ്പഷ്ടം. ഇപ്പോൾ, കോടതിവിധി ഈ കോളെജ് മാനേജ്മെന്റുകൾക്ക് എതിരായ സാഹചര്യത്തിൽ, വഴിവിട്ട് പ്രവേശനം നടത്തിയ കോളെജുകളെ സംരക്ഷിക്കാൻ കേരളാ സർക്കാർ കൂട്ടുനിൽക്കുന്നു. ഇതുവഴി വിദ്യാർത്ഥി പ്രവേശനത്തിൽ ഉണ്ടായ അഴിമതി സർക്കാരിന്റെ അറിവോടെയാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തമായിരിക്കുന്നു.

കോടതി മുൻകൂട്ടി പ്രഖ്യാപിച്ചിരുന്ന ചില അടിസ്ഥാന നിർദ്ദേശങ്ങൾ ഈ സ്വാശ്രയ കോളെജ് മാനേജ്മെന്റുകൾ സർക്കാരിന്റെ സഹായത്തോടെ കാറ്റിൽ പറത്തിയിരിക്കുകയാണ്. അവ താഴെ നൽകുന്നു.

1. പ്രവേശനം പൂർണ്ണമായും യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കണം.

2. തലവരി (capitation fee) പിരിക്കാൻ പാടില്ല.

3. പ്രവേശന പ്രക്രിയ തികച്ചും സുതാര്യമായിരിക്കണം.

4. കോളേജ് നടത്തിപ്പിന് ആവശ്യമുള്ള ഫീസ് പിരിക്കാം.

5. സാമ്പത്തിക ബുദ്ധിമുട്ടുള്ള പ്രവേശനാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുവാൻ വഴി കണ്ടുപിടിക്കണം.

ഈ കാര്യങ്ങളെല്ലാം മാനേജ്മെന്റും സർക്കാരും ചേർന്ന കൂട്ടുകെട്ട് അപ്പാടെ അട്ടിമറിച്ചിരിക്കുകയാണ്.

സ്വാശ്രയ മെഡിക്കൽ കോളെജ് പ്രവേശനം സംബന്ധിച്ച അഴിമതി തടയുവാനുള്ള ആത്മാർത്ഥത സർക്കാർ തുടക്കം മുതൽതന്നെ കാണിച്ചില്ല. സർക്കാർ മെറിറ്റ് ലിസ്റ്റിൽ നിന്നുള്ളവരായിരിക്കണം 35% പേർ എന്നതൊഴികെ പ്രവേശനകാര്യത്തിൽ ഇടപെടുന്നില്ല എന്ന സമീപനമാണ് പുലർത്തിയിട്ടുള്ളത്. അതായത് അഴിമതി ചെയ്യുവാൻ മാനേജ്മെന്റുകൾക്ക് സർക്കാർ സൗകര്യം സൃഷ്ടിച്ചു കൊടുത്തിരിക്കുകയാണ്. കോടതി തടഞ്ഞിരിക്കുന്നത് ഈ വികലമായ നയത്തെയാണ്. തെറ്റു ചെയ്തവരെ സംരക്ഷിക്കാനാണ് സർക്കാരിന്റെ ഇപ്പോഴത്തെ ശ്രമം.

സർക്കാരിന് ഇക്കാര്യത്തിൽ അഴിമതി തടയാൻ പല കാര്യങ്ങൾ ചെയ്യാമായിരുന്നു. എന്നാൽ അതിനൊരിക്കലും താല്പര്യമോ ആത്മാർത്ഥതയോ സർക്കാർ കാണിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. പ്രവേശനം മുഴുവനും മെറിറ്റ് അടിസ്ഥാനത്തിൽ നടത്താമായിരുന്നു. അത് പ്രവേശനപരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലോ, സ്കൂൾ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ക്രിസ്ത്യൻ മെഡിക്കൽ കോളെജുകൾ ചെയ്യുന്നതുപോലെ രണ്ടും പരിഗണിച്ചോ ആകാമായിരുന്നു.

2. സംവരണാവകാശമുള്ള വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം നൽകുമ്പോഴും മേൽപ്പറഞ്ഞ രീതിയിൽ മെറിറ്റ് നിർണ്ണയിച്ച് പ്രവേശനം നടത്താമായിരുന്നു.

3. കോളെജ് നടത്തിക്കൊണ്ടുപോകാൻ ആവശ്യമെന്ന് കണക്കാക്കിയിരുന്ന ഫീസ് വാങ്ങി പ്രവേശനം നടത്തുവാനും, ഫീസ് വിവരം പ്രോസ്പെക്ടസിൽ കാണിക്കുന്നതിനും നിർദ്ദേശിക്കാമായിരുന്നു.

4. സാമ്പത്തികശേഷി കുറഞ്ഞ പ്രവേശനാർത്ഥികൾക്ക് പലിശയില്ലാത്തതോ, കുറഞ്ഞ പലിശനിരക്കിലുള്ളതോ ആയ വായ്പാ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാമായിരുന്നു. ദരിദ്രരായ വിദ്യാർത്ഥികൾക്ക് മാനേജ്മെന്റിന്റെ സഹകരണത്തോടെ ഫീസിളവ് അനുവദിക്കുന്നതിനുള്ള ശ്രമവും നടത്താമായിരുന്നു.

5. ഫീസിളവ് നേടിയ കുട്ടികൾ പഠനശേഷം നിശ്ചിത കാലയളവ് സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കണമെന്ന് വ്യവസ്ഥ ചെയ്യാമായിരുന്നു. തദനുസൃതമായ സത്യവാങ്മൂലം അവരിൽ നിന്ന് വാങ്ങുകയും ചെയ്യാമായിരുന്നു.

6. N.R.I. വിദ്യാർത്ഥികളുടെയും തെരഞ്ഞെടുപ്പ് മെറിറ്റ് അടിസ്ഥാനത്തിൽ തന്നെ വേണമെന്ന് നിഷ്ക്കർഷിക്കാമായിരുന്നു.

കോളെജ് നടത്തിപ്പിനാവശ്യമായ ഫീസ് വ്യവസ്ഥാപിത മാർഗ്ഗത്തിൽ ശേഖരിക്കുകയും മുഴുവൻ പ്രവേശനവും പൊതുപ്രവേശന പരീക്ഷയിലെ റാങ്ക് അനുസരിച്ചോ, സ്കൂൾ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലോ നടത്തുകയും ചെയ്തിരുന്നെങ്കിൽ അതോടെ അഴി

# സഭാശുശ്രൂഷയിൽ
# രണ്ട് പതിറ്റാണ്ടുകൾ - 5

**ഡോ. തോമസ് അത്താനാസ്യോസ്**

**പാ**ത്രിയർക്കീസ് കക്ഷിയിലെ ഒരു പ്രബലവിഭാഗം ഇതിനോടകം സഭാ ഐക്യത്തിനെതിരെ തിരിഞ്ഞിരുന്നു. കൂടാതെ ഓർത്തഡോക്സ് സഭയിലെ ചില നേതാക്കന്മാരും, പാത്രിയർക്കീസ് വിഭാഗത്തിലെ മൂന്ന് മെത്രാപ്പോലീത്താമാരുടെ ഉത്സാഹത്തിൽ നടന്നിരുന്ന സഭാ ഐക്യശ്രമത്തെ അസഹിഷ്ണുതയോടെയാണ് വീക്ഷിച്ചു വന്നത്. അതിലൊരു മേൽപ്പട്ടക്കാരൻ ഗൾഫ് സന്ദർശനവേളയിൽ സഭായോജിപ്പ് ശ്രമങ്ങളെപ്പറ്റി നടത്തിയ അഭിപ്രായപ്രകടനം ആ സമയം അവിടെ സന്നിഹിതനായിരുന്ന ഒരു വ്യക്തി എന്നെ കണ്ടപ്പോൾ ഉദ്ധരിച്ചത് ഇപ്രകാരമാണ്: "അപ്പുറത്തുനിന്ന് രണ്ടുമൂന്ന് മെത്രാന്മാർ ഇങ്ങോട്ടു പോന്നിട്ടുണ്ട്. കൂടെപ്പോന്നത് അവരുടെ ഡ്രൈവർമാർ മാത്രം. ഇതാണ് ഇതുവരെ നടന്ന സഭൈക്യം." ഞാനും കൂടെ രണ്ട് മെത്രാപ്പോലീത്താമാരും നടത്തിയ സഭൈക്യശ്രമത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലായിരുന്നു ഇത്. ഈ സഭയുടെ ഐക്യത്തിന് തങ്ങളുടേതായ യാതൊരു സഹകരണവും നൽകാതെ, എന്നാൽ ഐക്യനീക്കത്തെ തകർക്കുവാൻ ആവും വിധം ശ്രമം നടത്തിയവരിലൊരാൾ ഐക്യശ്രമത്തിന്റെ അന്നത്തെ അവസ്ഥയ്ക്ക് തന്റെ പങ്കാളിത്തം വിസ്മരിച്ചുകൊണ്ടാണ് ഈ പ്രതികരണം നടത്തിയത്. കണ്ടനാട്, തൃശൂർ ഭദ്രാസനങ്ങളിലെയും അങ്കമാലി ഭദ്രാസനത്തിലെ അങ്കമാലി മേഖലയിലെയും മുഴുവൻ വൈദികരും, ജനവും ആദ്യസമയത്ത് സഭൈക്യത്തോട് സഹകരിച്ചപ്പോൾ വടക്കൻ പ്രദേശത്തെ ന്യൂനപക്ഷമായിരുന്ന ഓർത്തഡോക്സ് വിഭാഗത്തിലെ നേതൃത്വനിരയിൽ നിന്നുണ്ടായ ചെറുത്തുനില്പ് ഐക്യസംരംഭത്തെ ദുർബലമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു എന്നത് പരസ്യമായ ഒരു വസ്തുതയാണ്. ഈ നിസ്സഹരണത്തിന്റെ ഫലമായി ഏറെപ്പേർ ഐക്യപ്രക്രിയയിൽ നിന്ന് പിന്മാറി. എന്നാൽ ഡ്രൈവർമാർ മാത്രം അവശേഷിച്ചു എന്നത് അല്പം അതിശയോക്തി കലർന്ന പ്രസ്താവനയായിരിക്കും. സഭായോജിപ്പിന്റെ ആദ്യഘട്ടം മുതൽ സഭായോജിപ്പിനെ സ്വന്തം നിലനിൽപിന് ഭീഷണിയായി കണ്ടവർ ഐക്യശ്രമത്തിൽ വിഘടിച്ചു നിന്ന പാത്രിയർക്കീസ് വിഭാഗവുമായി പ്രയോഗതലത്തിൽ സഹകരിച്ചതു മൂലം സഭൈക്യം എന്ന ബഹുജനമുന്നേറ്റത്തിനുണ്ടായ ദുർവിധിയാണ് ഇത്. ഈ സാഹചര്യമായിരുന്നു സഭൈക്യശുശ്രൂഷാനുഭവങ്ങളിൽ എനിക്കു നേരിടേണ്ടിവന്ന അടുത്ത പ്രതിസന്ധി.

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് അക്കാലത്തെ കോട്ടയം ഭദ്രാസനത്തിലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ മെത്രാപ്പോലീത്തയായിരുന്നു. പെരുമ്പിള്ളി തിരുമേനി എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. മെത്രാസനച്ചുമതല കോട്ടയത്തായിരുന്നപ്പോഴും അദ്ദേഹത്തിന്റെ പ്രധാന താമസസ്ഥലം മുളന്തുരുത്തിക്കു സമീപം തന്റെ ഉത്സാഹത്തിൽ പണിതുയർത്തിയ പെരുമ്പിള്ളിപ്പള്ളി മേടയായിരുന്നു. കോടതിവിധി വന്ന കാലഘട്ടത്തിലെ ഒരു പ്രധാന കഥാപാത്രമായിരുന്നു പെരുമ്പിള്ളി തിരുമേനി. സഭയിൽ സമാധാനം ഉണ്ടാകരുത് എന്ന് നിർബന്ധമുള്ള ആളായിരുന്നില്ല അദ്ദേഹം. ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ദേഹവിയോഗത്തിനു ശേഷം പട്ടത്വ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം പാത്രി

---

മതി നിലയ്ക്കുമായിരുന്നു. ഒപ്പം തന്നെ പ്രവേശനത്തിനുള്ള അപേക്ഷാഫോറം ആവശ്യക്കാർക്കെല്ലാം ലഭ്യമാക്കുകകൂടി ചെയ്തിരുന്നെങ്കിൽ സ്വാശ്രയ മെഡിക്കൽ കോളെജ് പ്രവേശനം തികച്ചും അഴിമതി വിമുക്തമാകുമായിരുന്നു. ഇപ്പോഴിതാ മാനേജ്മെന്റുകൾക്ക് അഴിമതി നടത്താൻ സർക്കാർ സൗകര്യം ഒരുക്കുകയും അഴിമതി നടത്തിയവരെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിനെന്ത് നീതീകരണം?

ചികിത്സാവൃത്തി ഇന്ന് കേരളത്തിൽ തീർത്തും ഒരു സേവനമായി കാണാനാവില്ല. ഡോക്ടർമാർ ഇവിടെ ആവശ്യത്തിലധികമുണ്ട്. ആണ്ടുതോറും ഇവിടെത്തന്നെ രണ്ടായിരത്തോളം പുതിയ ഡോകടർമാർ പഠിച്ചിറങ്ങുന്നു. മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പോയി പഠിച്ചുവരുന്നവർ വേറെയും. അതുകൊണ്ട് വൈദ്യപഠനത്തിനു പോകുന്നവർക്ക് സൗജന്യമോ ആനുകൂല്യമോ നൽകേണ്ട ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതില്ല.

കേരളത്തിൽ ക്രിസ്ത്യൻ മെഡിക്കൽ കോളെജ് മാനേജ്മെന്റുകൾ അവലംബിച്ചിരിക്കുന്ന പ്രവേശനരീതി മറ്റ് സ്വാശ്രയാ മെഡിക്കൽ കോളെജ് മാനേജ്മെന്റുകൾ കൂടി മാതൃകയാക്കിയാൽ പ്രശ്നം തീരും. പ്രവേശനം നിയമാനുസൃതം ആവുകയും ചെയ്യും. വിപ്ലവത്തിന്റെ മേൽവിലാസത്തിൽ അഴിമതിക്ക് കൂട്ടുനിൽക്കുകയല്ല വേണ്ടത്. നീതി നിഷേധിച്ചല്ല, നീതി നടപ്പിലാക്കിയാണ് വിപ്ലവം സാധിക്കേണ്ടതെന്ന് തിരിച്ചറിയണം.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

യർക്കീസ് വിഭാഗത്തിന്റെ അദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടു. ഐക്യശ്രമങ്ങൾക്ക് തടയിട്ടുകൊണ്ടിരുന്ന ദിവന്നാസ്യോസ് തിരുമേനിയെ നേരിടുവാനുള്ള ഉൾക്കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഐക്യചർച്ചയുടെ കാലത്തുണ്ടാക്കിയ നക്കൽ, ഉടമ്പടിക്ക് രൂപം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുവാനായി കമ്മിറ്റി അംഗങ്ങളിൽ ഏതാനും പേർ കോട്ടയത്ത് പെരുമ്പിള്ളി തിരുമേനിയുടെ ഭദ്രാസന ആസ്ഥാനത്ത് കൂടി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ മലങ്കരസഭയുടെ പരമാധ്യക്ഷനാണ് എന്ന കാര്യം കോടതിവധിയിലുണ്ട്. അത് ഉണ്ടാക്കുന്ന ഉടമ്പടിയിൽ ചേർത്തിരിക്കണമെന്ന് ദിവന്നാസ്യോസ് തിരുമേനി നിർബന്ധമായും ആവശ്യപ്പെട്ടു. അങ്ങനെ വന്നാൽ തോമാശ്ലീഹായുടെ സിംഹാസനവും അതിൽ വരണമെന്ന് മറുഭാഗത്തെ പ്രതിനിധികൾ നിർബന്ധം ചെലുത്തിയാൽ എന്തുചെയ്യും. വിധിയിൽ ഇക്കാര്യം ഉണ്ടെങ്കിലും അത് ഇതുവരെ അംഗീകരിക്കാതിരുന്ന പാത്രിയർക്കീസ് വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇത് ഉടമ്പടിയിൽ ചേർക്കുന്നത് കുന്തം വിലങ്ങനെ വിഴുങ്ങുന്നതു പോലുള്ള ശിക്ഷയായിരിക്കുമെന്ന് ഞാൻ അഭിപ്രായപ്പെട്ടു. രണ്ട് കൂട്ടരുടെയും പ്രത്യേക ആവശ്യങ്ങൾ ഈ രേഖയിൽ ഉൾക്കൊള്ളിക്കാതെ കോടതി വിധിയുടെയും ഭരണഘടനയുടെയും അടിസ്ഥാനത്തിൽ സഭ യോജിച്ചിരിക്കുന്നു എന്ന പ്രഖ്യാപനം മാത്രമുള്ള ഒരു ഐക്യരേഖയ്ക്ക് പൊതു സമ്മതി ലഭിക്കുവാൻ എളുപ്പമായിരിക്കും എന്ന എന്റെ അഭിപ്രായം ഞാൻ അറിയിച്ചു. നമുക്ക് കോടതിവധിയിൽ കിട്ടിയ കാര്യം ഉടമ്പടിയിൽ വേണം. അവർക്ക് കിട്ടിയത് അവരും ചേർത്തുകൊള്ളട്ടെ എന്നായിരുന്നു ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രതികരണം. ചർച്ച വഴിമുട്ടാതിരിക്കാൻ ഒറ്റവാകൃത്തിലുള്ള ഒരു ഐക്യ ഉടമ്പടിയായിരിക്കും നല്ലത് എന്ന എന്റെ ആവർത്തിട്ടുള്ള നിർദ്ദേശം സ്ഥാപിച്ചുകിട്ടിയില്ല. അതുകൊണ്ട് രണ്ടുകക്ഷിക്കാരുടെയും താല്പര്യങ്ങൾ ഉൾപ്പെടുത്തിയ രേഖയ്ക്ക് ഇരുകക്ഷിയിലും അംഗീകാരം കിട്ടാതെ വഴിയിലായിപ്പോയി എന്നത് പിന്നത്തെ ചരിത്രം. ഒരു ഐക്യരേഖയിൽ എല്ലാ ആവശ്യങ്ങളും ഉൾക്കൊള്ളിക്കാൻ പോയാൽ ഉടമ്പടി പൊളിയും എന്നത് ഈ രംഗത്ത് പരിചയമുള്ള ആർക്കും അറിയാവുന്ന കാര്യമാണ്.

ഏതായാലും ഭയപ്പെട്ടത് സംഭവിച്ചു. രേഖയുടെ നക്കൽ ചർച്ച ചെയ്തപ്പോൾ മാർതോമാശ്ലീഹായുടെ സിംഹാസന കാര്യം എന്തിന് രേഖയിൽ ഉൾക്കൊള്ളിച്ചു എന്ന് ചോദ്യമായി. അത് ചേർക്കാൻ സാഹചര്യമൊരുക്കിയ ദിവന്നാസ്യോസ് തിരുമേനി മൗനം പാലിച്ചു. പെരുമ്പിള്ളി തിരുമേനി നർമ്മരസം കലർത്തി പറഞ്ഞു. "അതത്ര കാര്യമുള്ള വിഷയമൊന്നുമല്ല; തോമാശ്ലീഹായുടെ സിഹാസനമെന്നത് എന്റെ ഡോക്ടറേറ്റ് പോലുള്ള ഒരു സാധനമാണ് എന്ന് മനസ്സിലാക്കിയാൽ മതി." തിരുമേനിയുടെ ഡോക്ടറേറ്റ് അമേരിക്കയിൽ വച്ച് കെ.എം. സൈമൺ അച്ചൻ സംഘടിപ്പിച്ചുകൊടുത്ത ഒരു അലങ്കാര വസ്തു എന്ന് സൂചന. അതായത് ആദ്യ സമയത്ത് അദ്ദേഹം പ്രശ്നപരിഹാരത്തിന് തനിക്ക് കഴിയുന്നരീതിയിൽ ശ്രമിച്ചതാണ്.

1997 ന്റെ ആരംഭത്തിൽ ഒരു പ്രാവശ്യംകൂടി സുന്നഹദോസ് കൂടി. അപ്പോഴേയ്ക്കും നവംബർ 5-ാം തീയതി കൂടിയ സുന്നഹദോസ് തീരുമാനത്തെപ്പറ്റി പുനർവിചിന്തനം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഭൂരിപക്ഷ അംഗങ്ങളുടെ താല്പര്യപ്രകാരം മുൻ സുന്നഹദോസിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കല്പന അയയ്ക്കുവാൻ പാത്രിയർക്കീസ് ബാവായോട് വീണ്ടും അപേക്ഷിക്കുവാൻ തീരുമാനിച്ചു. എന്നാൽ ആ അപേക്ഷ അയച്ചോ എന്നത് എനിക്കു നിശ്ചയമില്ല. ആ സമയം ആയപ്പോഴേയ്ക്കും പെരുമ്പിള്ളി തിരുമേനിക്ക് ഐക്യവിരുദ്ധരോടുള്ള ചായ്‌വ് പ്രകടമായിക്കഴിഞ്ഞിരുന്നു. 1997 മാർച്ച് 12, 14 തീയതികളിൽ ദമാസ്കസിൽ വച്ച് നടന്ന സുറിയാനി സഭയുടെ സുന്നഹദോസിൽ മലങ്കരസഭയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് പെരുമ്പിള്ളി തിരുമേനി അയച്ചിരുന്നതായി അറിയുന്നു. പ്രസ്തുത സുന്നഹദോസിൽ ഇക്കാര്യം ചർച്ച ചെയ്യുവാനായി എബ്രാഹാം മാർ ക്ലീമീസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ സംബന്ധിച്ചിരുന്നു. അവരുടെ സാന്നിധ്യത്തിൽ സുറിയാനി സഭയുടെ സുന്നഹദോസ് എടുത്ത തീരുമാനങ്ങൾ.

1. അന്ത്യോഖ്യാ പാത്രിയർക്കീസും പൗരസ്ത്യ കാതോലിക്കായും തമ്മിൽ ഉഭയ ഉടമ്പടിയുണ്ടാക്കി സമാധാനം പുനഃസ്ഥാപിക്കേണ്ടതാണ്.

2. കാതോലിക്കേറ്റുമായി ആലോചിക്കുന്നതിനായി ഒരു പുതിയ കമ്മിറ്റിക്ക് രൂപം നല്കി.

അതിലെ അംഗങ്ങൾ

എബ്രഹാം മാർ ക്ലീമീസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദിവന്നാസ്യോസ്, മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന രണ്ട് വൈദീകരും, മൂന്ന് അല്മായക്കാരും.

3. താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ചയിൽ അംഗീകരിക്കപ്പെടണം.

(a) അന്ത്യോഖ്യാ പാത്രിയർക്കീസിന് സഭയുടെ പരമാദ്ധ്യക്ഷസ്ഥാനം. (b) മലങ്കരസഭ സുറിയാനിസഭയുടെ അവിഭക്ത ഭാഗം. (c) മാർ തോമാശ്ലീഹായുടെ സിംഹാസനം എന്ന ടൈറ്റിൽ ആദരസൂചക പ്രയോഗം. (d) പള്ളി പൊതുയോഗങ്ങൾക്ക് ഭൗതീകകാര്യങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. (e) വിശ്വാസ കാര്യങ്ങളിൽ സുറിയാനി സഭയുടെ ആഗോള സുന്നഹദോസ് ആയിരിക്കും തീരുമാനം എടുക്കുക. (f) 1934 ലെ ഭരണഘടന കോടതിവിധി പ്രകാരമുള്ള ഭേദഗതികളോടെ സ്വീകാര്യം. (g) വാഴ്ച / പട്ടംകൊട ശുശ്രൂഷകളിൽ സ്ഥാനാർത്ഥികൾ പരി. പാത്രിയർക്കീസിന് ഔപചാരികമായി വിധേയത്വം പ്രഖ്യാപിക്കുക.

“നമ്മുടെ ഈ ആഗ്രഹം പൂർത്തീകരിക്കുന്നതിന് മെത്രാച്ചനെ നാം ചുമതലപ്പെടുത്തിയിരിക്കുന്നു. നമ്മുടെ അന്ത്യം എവിടെ വച്ചായിരുന്നാലും മെത്രാച്ചന്റെ മേല്നോട്ടത്തിൽ ഇക്കാര്യങ്ങളെല്ലാം നിർവ്വഹിച്ചുകൊള്ളണം.”

മലേക്കുരിശ് ദയറായുടെ പണിയും ബാവായുടെ കബറടക്കത്തിന്റെ ചുമതലയുമെല്ലാം എന്നെ ഏല്പിച്ചിരുന്നെങ്കിലും ബാവായുടെ മരണത്തോടനുബന്ധിച്ചും അതിനുശേഷവും നടന്ന അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ ദയറയെ ഒരു സംഘർഷമേഖലയാക്കി. ബാവയുടെ നാല്പതടിയന്തരം കഴിഞ്ഞ് മൂന്നുദിവസങ്ങൾക്കുശേഷം 13-10-96 ഞായറാഴ്ച ബെന്യാമിൻ മാർ ഒസ്താസ്തിയോസ് മെത്രാപ്പോലീത്ത ഒരു പറ്റം ആളുകളോടൊപ്പം മലേക്കുരിശ് ദയറായിലെത്തി. പൂട്ടിയിരുന്ന ദയറായുടെ ഒരു മുറി ചവിട്ടിപ്പൊളിച്ച് അതിൽ ഇരിപ്പുറപ്പിച്ചു. ഇതിനിടെ ടെലിഫോൺ ബന്ധം വിഛേദിച്ചിരുന്നു. നിമിഷങ്ങൾക്കുള്ളിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ഒരു പുണ്യസ്ഥലത്ത് ഇത്രയും അനാദരവോടെ ഒരു സഭാമേലദ്ധ്യക്ഷന്റെ നേതൃത്വത്തിൽ വാതിൽ ചവിട്ടിപ്പൊളിച്ച് കയ്യടക്കുക എന്നത് എനിക്ക് ചിന്തിക്കാവുന്നതിലപ്പുറമായിരുന്നു. എന്റെ മുറിയിൽ പോയിക്കിടന്ന് ഞാൻ വാവിട്ടു കരഞ്ഞു. പ്രായപൂർത്തിയായ ശേഷം ഇതുപോലെ നിയന്ത്രണം വിട്ടു കരഞ്ഞ സന്ദർഭം എന്റെ ഓർമ്മയിലധികമില്ല. അവസാനം നിയമപാലകരുടെയും ആർ.ഡി.ഒ. യുടെയും മധ്യസ്ഥതയിൽ എല്ലാവരും അവിടെ നിന്ന് ഒഴിവായി. 1996 നവംബറിലെ സുന്നഹദോസിന്റെ തീരുമാനപ്രകാരം ഞാൻ വീണ്ടും ദയറായിലെ ചുമതല ഏറ്റെടുത്തു. എന്നാൽ ബാവയുടെ ഒന്നാം ശ്രാദ്ധപ്പെരുന്നാൾ കഴിഞ്ഞ് വീണ്ടും ജനങ്ങൾ സംഘം ചേർന്ന് ദയറായിലെത്തി. സായുധ ഏറ്റുമുട്ടലിനുവരെ തയ്യാറോടെ ആയിരുന്നു ഇത്തവണത്തെ വരവ്. അന്തരീക്ഷം സംഘർഷാത്മകമായി. ശ്രേഷ്ഠ

ഇടക്കാലത്ത് അവിടെ നടന്നിരുന്ന സെമിനാരി വെട്ടിയ്ക്കലേയ്ക്ക് മാറ്റിയശേഷം ദയറാ പ്രത്യേക ശ്രദ്ധയില്ലാതെ കിടക്കുകയായിരുന്നു. ആ സമയത്തെല്ലാം അതിന്റെ മേൽനോട്ടം ശ്രേഷ്ഠ ബാവയുടെ കല്പനപ്രകാരം കളപ്പുരയ്ക്കൽ ശ്രീ. കെ.വി. പത്രോസിനായിരുന്നു. അദ്ദേഹം തികഞ്ഞ വിശ്വസ്തതയോടെ തന്റെ ചുമതല നിർവ്വഹിച്ചു വന്നിരുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം ബാവാ തിരുമേനിക്കുവേണ്ടി അതിന്റെ കാര്യങ്ങൾ അന്വേഷിക്കുവാൻ എന്നെ ചുമതലപ്പെടുത്തി. സമയംപോലെ ഞാൻ അവിടെ താമസിക്കുകയും വ്യാഴാഴ്ചകളിൽ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തുവന്നു. മലേക്കുരിശിന്റെ ചുറ്റുപാടുമുള്ള ധാരാളം വിശ്വാസികൾ അവിടെ നടന്നിരുന്ന ശുശ്രൂഷകളിൽ സംബന്ധിക്കുകയും ആ സ്ഥാപനം വീണ്ടും സജീവമാകുകയും ചെയ്തു. ദയറായെപ്പറ്റി സമീപ പ്രദേശങ്ങളിലുള്ളവർക്ക് വലിയ ആദരവ് ഉണ്ടായിരുന്നതുകൊണ്ട് ഇക്കാര്യം ജനങ്ങൾക്കെല്ലാം സന്തോഷമായി.

1996 മെയ് മാസത്തിൽ ബാവായ്ക്ക് ക്ഷീണം വർദ്ധിച്ചുവന്നു. ആ സമയത്ത് താഴെപ്പറയുന്ന കല്പന ബാവാ എഴുതി എന്നെ ഏല്പിച്ചു.

“മലേക്കുരിശ് ദയറാചാപ്പൽ പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യം നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. അതിന്റെ പുനർ നിർമ്മാണം നിർവ്വഹിക്കുന്നതിനായി മെത്രാച്ചനെ ഇതിനാൽ നാം ചുമതലപ്പെടുത്തിയിരിക്കുന്നു. താമസം വിനാ അതിനുള്ള നടപടികൾ സ്വീകരിച്ച് പണി പൂർത്തിയാക്കണം.”

“നാം കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട് വന്ന അവസരം താമസിച്ചിരുന്നത് മലേക്കുരിശ് ദയറായിൽ ആയിരുന്നു എന്ന് അറിയാമല്ലോ. അതുകൊണ്ട് നമ്മുടെ ഭൗതീക ശരീരം അടക്കം ചെയ്യുന്നത് ദയറാ ചാപ്പലിനോട് ചേർന്ന് ആയിരിക്കണം എന്ന് നാം ആഗ്രഹിക്കുന്നു.”

ഈ തീരുമാനങ്ങൾ എഴുതിയ കല്പന ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചു. പുതിയ ആലോചനാ സമിതി രൂപം പ്രാപിച്ചില്ല. ചർച്ചയും ഉണ്ടായില്ല. എന്നാൽ മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിഘടിച്ചു നിന്ന പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാച്ചന്മാർ ചില വ്യവസ്ഥകൾ ഉണ്ടാക്കി സഭായോജിപ്പിനു വേണ്ടി പരി. കാതോലിക്കാ ബാവായെ ഏല്പിച്ചു. അതിനു വക്കീൽ ഭാഷയിലുള്ള ഒരു മറുപടി നൽകിയതല്ലാതെ തുടർന്ന് സംഭാഷണമൊന്നും ഉണ്ടായില്ല. മലങ്കരസഭയുടെ ഐക്യത്തിന് വീണ്ടും ഒരു സാധ്യത തുറന്നു കിട്ടിയപ്പോൾ അത് ഉപയോഗപ്പെടുത്താതെ പരുക്കൻ ഭാഷയിൽ ഒരു മറുപടി കൊടുത്ത് അവസാനിപ്പിക്കുകയായിരുന്നു.

ഈ സമയത്ത് ഡോ. ബാബു പോളിന്റെ ഉപദേശ പ്രകാരം ഞാൻ അഡ്വ. സി.റ്റി. ജോസഫിനെക്കൊണ്ട് തയ്യാറാക്കിച്ച ഒരു കത്ത് പരി. കാതോലിക്കാ ബാവായെക്കൊണ്ട് പരി. പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പിച്ചു. 1995 ലെ കോടതിവിധി അംഗീകരിച്ച് മലങ്കരസഭാ ഭരണഘടന, മലങ്കര അന്ത്യോഖ്യാ ബന്ധത്തിന്റെ നിയന്ത്രണരേഖയായി അംഗീകരിച്ച് സഭാ ഐക്യം ഉണ്ടാക്കി ഭിന്നതയ്ക്ക് പരിഹാരം കണ്ടെത്തണം എന്നതായിരുന്നു. കത്തിന്റെ ചുരുക്കം. അതിന് പാത്രിയർക്കീസ് ബാവായിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായില്ല.

ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കൈവശത്തിലും അധികാരത്തിൻ കീഴിലുമുള്ള ഒരു സ്ഥാപനമായിരുന്നു മലേക്കുരിശ് ദയറാ. 1969 ൽ പാത്രിയർക്കീസ് ബാവയുടെ പേരിലുണ്ടായിരുന്ന പല സ്ഥാപനങ്ങളും മലങ്കരസഭയെ ഏല്പിച്ച കൂട്ടത്തിൽ ഇതിന്റെ പ്രമാണങ്ങൾ മഞ്ഞനിക്കരയിൽ നിന്നും പൗലോസ് മാർ ഫിലക്സിനോസ് മെത്രാപ്പോലീത്തായെ ഭരമേല്പിച്ച് ഉടമസ്ഥാവകാശം നൽകിയിരുന്നു.

ബാവയുടെ കബറിടം സംഘട്ടനവേദിയായി മാറുന്നത് ഒഴിവാക്കാനായി ഞാൻ ദയറായിൽനിന്ന് നിരുപാധികം പിൻവാങ്ങി. പുതിയ സാഹചര്യത്തിൽ അതൃപ്തരായ മലേക്കുരിശ് വാസികൾ ദയറാകുന്നിന്റെ അടിവാരത്തിൽ പുതിയ ചാപ്പൽ നിർമ്മിച്ച് ആരാധന തുടങ്ങുകയും ചെയ്തു. മലേക്കുരിശിൽ നിന്ന് ഞാൻ പടിയിറങ്ങിയത് വലിയ വൈകാരിക ക്ലേശത്തോടെയായിരുന്നു. ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഉപേക്ഷിച്ചു പോകേണ്ടി വന്നതിലുള്ള മനഃപ്രയാസം മാത്രമായിരുന്നില്ല, അവിടത്തെ വിശ്വാസി സമൂഹമായിട്ട് ഉണ്ടായിരുന്ന ദീർഘകാലത്തെ കൂട്ടായ്മയ്ക്ക് വിരാമം ഇടേണ്ടിവന്നു എന്നത് ദുഃഖകരമായിരുന്നു. എങ്കിലും ഒരു ഏറ്റുമുട്ടൽ ഒഴിവാക്കാൻ സാധിച്ചത് ഭാഗ്യമായി ഞാനിപ്പോഴും കരുതുന്നു.

ഈ കാലമെല്ലാം കണ്ടനാട് ഭദ്രാസനത്തിലെ വൈദീകരും, പള്ളികളും ഐക്യശ്രമത്തിൽ സഹകരിച്ചു തന്നെയാണ് നിന്നിരുന്നത്. ഭദ്രാസനത്തിലെ വൈദീകരുടെ സഭായോജിപ്പിനുള്ള സഹകരണവും എനിക്കുള്ള പിന്തുണയും ഒരു പ്രതിബദ്ധതയിലേയ്ക്ക് വരുത്തണം എന്ന ചിന്താഗതിയായിരുന്നു ചാലപ്പുറത്ത് ജോർജ്ജ് അച്ചന് ഉണ്ടായിരുന്നത്. ഇക്കാര്യത്തിന് ഞാൻ ആദ്യം അനുകൂലമല്ലായിരുന്നു. കാരണം അച്ചന്മാരെ വിശ്വാസത്തിൽ എടുക്കണമെന്ന ചിന്തയാണ് എനിക്കുണ്ടായിരുന്നത്. കൂടാതെ ഓരോരുത്തരും അവരവരുടെ ബോധ്യപ്രകാരമാണ് നിലപാടെടുക്കേണ്ടത് എന്നുള്ളതുകൊണ്ട് എഴുതി ഒപ്പിടുവിച്ച് മനഃസാക്ഷിയെ ഭാരപ്പെടുത്തേണ്ടതില്ല എന്ന് ഞാൻ പറഞ്ഞു. ശരിയോട് ചേർന്ന് നിൽക്കുവാനുള്ള ആർജ്ജവം കണ്ടനാട് ഭദ്രാസനത്തിലെ വൈദീകർക്കുണ്ട് എന്ന ചിന്തയാണ് എനിക്കുണ്ടായിരുന്നത്. അച്ചന്മാരെല്ലാവരും ഈ നിലപാടിൽ തുടരുന്ന സാഹചര്യത്തിൽ നിർബന്ധിക്കാതെ എല്ലാവരും ഒപ്പിടുമെന്നും അവരുടെ നിലപാട് ഒരു ലിഖിതരേഖയിൽ ഒപ്പുചാർത്തുന്നതിലൂടെ ഉറയ്ക്കും എന്നും അച്ചൻ അഭിപ്രായപ്പെട്ടു. അച്ചന്മാരുടെ പൊതു താല്പര്യപ്രകാരമാണ് ഇത് ചെയ്യുന്നതെന്നും അച്ചൻ പറഞ്ഞു. ഞാൻ പട്ടമേറ്റ കാലം മുതൽ എല്ലാ കാര്യത്തിലും എന്നെ സഹായിച്ചു വന്ന അച്ചന്റെ നിർദ്ദേശത്തിന് ഞാൻ കീഴ്വഴങ്ങി. അച്ചന്റെ നേതൃത്വത്തിൽ നടന്ന ഒപ്പ് ശേഖരണത്തിൽ 72 വൈദീകർ സഹകരിച്ചു. ഒപ്പിട്ടുതന്ന പ്രതിജ്ഞാപത്രത്തിന്റെ പ്രധാന ഭാഗം താഴെ കൊടുക്കുന്നു.

"മലങ്കര യാക്കോബായ സുറിയാനി സഭ ക്രിസ്തീയ ദൗത്യനിർവ്വഹണത്തിൽ നിന്നും പിന്തിരിഞ്ഞ് അഭിപ്രായ ഭിന്നതകളുടെ പരിഹാരത്തിന് നിയമയുദ്ധം തുടങ്ങിയിട്ട് കാലം കുറേയായി. അതിനാൽ ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയിൽ നിന്നും 1995 ജൂൺ 20, 1996 മാർച്ച് 25, 1997 ഫെബ്രുവരി 5 എന്നീ തീയതികളിൽ സഭാകേസ്സിനെ സംബന്ധിച്ച് വിധികളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുള്ളതാണല്ലോ. പ്രസ്തുത വിധിയിൽ ലഭിച്ചിട്ടുള്ള അനുകൂലവും പ്രതികൂലവുമായ കാര്യങ്ങൾ ദൈവനിശ്ചയ പ്രകാരമാണ് എന്നു വിശ്വസിച്ച് മലങ്കര സഭയിലെ ഇരു വിഭാഗവും ഒരു സഭയായി വർത്തിക്കണം എന്ന ആഹ്വാനം പരി. പാത്രിയർക്കീസ് ബാവ നൽകിയിട്ടുണ്ട്. പ്രസ്തുത കല്പനയുടെ അടിസ്ഥാനത്തിൽ നമ്മുടെ വൈദീക അസ്സോസിയേഷൻ, ഭദ്രാസന കൗൺസിൽ, ഭദ്രാസന പള്ളിപ്രതിപുരുഷയോഗം, ഭക്ത സംഘടനകൾ എന്നിവ യോജിപ്പിന്റെ ദിശയിൽ അങ്ങ് കൈക്കൊള്ളുന്ന ഏത് നടപടിക്കും നിരുപാധികവും പൂർണ്ണവുമായ പിന്തുണ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതുമാകുന്നു. ആ സാഹചര്യത്തിൽ സഭായോജിപ്പിനു വേണ്ടി ബഹു. സുപ്രീംകോടതി വിധിയുടെയും പരി. പാത്രിയർക്കീസ് ബാവായുടെ കല്പനയുടെയും അടിസ്ഥാനത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത എന്ന നിലയിൽ അങ്ങ് എടുക്കുന്ന ഏത് നടപടിക്കും ഞങ്ങളുടെ ആത്മാർത്ഥമായ പിന്തുണ ഇതിനാൽ രേഖാമൂലം സമർപ്പിക്കുന്നു."

"അങ്ങയുടെ ഈ യത്നം വഴി മലങ്കരസഭയ്ക്ക് ഒരു നവോത്ഥാനം ഉണ്ടാകുവാൻ സഹായകമാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ സദുദ്ദേശ്യത്തോടുകൂടിയ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രയാണത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാ പ്രതിസന്ധികളിലും ബലഹീനരായ ഞങ്ങൾ എന്തു ത്യാഗം സഹിച്ചും അങ്ങയോടുകൂടി മാത്രം സഹകരിച്ച് പ്രവർത്തിക്കുന്നതാകുന്നു."

4-7-97 ൽ ഭദ്രാസനത്തിലെ എല്ലാ വൈദീകരുംതന്നെ ചേർന്ന് ഒപ്പിട്ട രേഖ എന്നെ ഏല്പിച്ചു. 7 വർഷത്തെ ഭദ്രാസന ശുശ്രൂഷ സൃഷ്ടിച്ച വിശ്വാസ്യതയാണ് ആ കത്തിൽ ഞൻ കണ്ടത്. എന്നെ സ്നേഹിച്ച വൈദീക സംഘത്തിന്റെ ഉറച്ച കൂട്ടായ പിന്തുണയ്ക്ക് അവരോട് തോന്നിയ കടപ്പാട് വളരെ വലുതായിരുന്നു. വായിച്ചപ്പോൾ സത്യത്തിൽ എന്റെ കണ്ണുകൾ ഈറനണിഞ്ഞു. വ്യക്തി, ശുശ്രൂഷാ ജീവിതങ്ങളിൽ ഏറെ കുറവുകളുള്ള എന്നോട് വൈദീകർ പ്രകടിപ്പിച്ച സ്നേഹം സഭയുടെ ഐക്യത്തിന് ഉപകരിക്കണമേ എന്ന പ്രാർത്ഥനയാണ് എനിക്കുണ്ടായിരുന്നത്. വൈദീക കൂട്ടായ്മയുടെ ഈ സംഘബോധവും പിന്തുണയും എന്റെ നിലപാടിൽ ധാർമ്മികമായ ശക്തി പകരുകയുണ്ടായി.

കാര്യമായ ചർച്ചകളൊന്നും തന്നെ ഔപചാരിക തലത്തിൽ ഈ സമയത്ത് നടന്നില്ല. പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ കാര്യങ്ങൾ എങ്ങനെയിരിക്കുന്നു എന്ന് അന്വേഷിക്കുന്നതിനായി അദ്ദേഹത്തിന്റെ സെക്രട്ടറി സാം അച്ചനെ അയയ്ക്കാറുണ്ടായിരുന്നു. അനൗപചാരിക ചർച്ചകൾക്കായി ശ്രീ. കെ. എം. മാത്യുവും ശ്രീ. പി.സി. എബ്രഹാമും മൂവാറ്റുപുഴയിൽ വച്ച് ഐക്യാനുകൂലികളായ മെത്രാപ്പോലീത്താമാരുമായി പല പ്രാവശ്യം കൂടിക്കാഴ്ച

കൾ നടത്തി. ആദ്യസമയങ്ങളിൽ ജോസഫ് മാർ ഗ്രീഗോറിയോസും കൂടിക്കാഴ്ചകളിൽ സഹകരിച്ചിരുന്നു. ദമാസ്കസ് യാത്രയോടെ അദ്ദേഹത്തിന്റെ വരവ് നിലച്ചു.

ഐക്യ സംഭാഷണങ്ങളിൽ സഭാനേതാക്കന്മാർ പിന്നീട് സഭയുടെ യോജിപ്പിനുള്ള താല്പര്യം കാര്യമായെടുത്തുകണ്ടില്ല. ഞങ്ങളെ ഓർത്തഡോക്സ് വിഭാഗവുമായി ഒന്നിപ്പിക്കുന്നതിനാണ് അവർ പിന്നീട് ശ്രദ്ധിച്ചത്. പാത്രിയർക്കീസ് പക്ഷത്തിലെ ഒരു വിഭാഗം മാത്രം സഭൈക്യത്തിൽ പങ്കുചേരുക എന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അവസാനത്തെ വഴി മാത്രമായിരുന്നു. അങ്ങനെ ചെയ്താൽ സഭാവിഭാഗങ്ങൾ ഒന്നിക്കാനുള്ള സാധ്യതയ്ക്ക് വിഘാതമാകുമോ എന്ന് ഞങ്ങൾ ഭയപ്പെട്ടു. കൂടാതെ ഭാഗികമായി മാത്രം യോജിപ്പ് നടക്കുമ്പോൾ വടക്കുള്ള ഓർത്തഡോക്സ് സഭാമേലധ്യക്ഷന്മാരിൽ ചിലരുടെ എതിർപ്പിന്റെ സാഹചര്യത്തിൽ കൂടെ നില്ക്കുന്നവർ പോലും പിന്തിരിഞ്ഞേക്കുമെന്നും ചിന്തിച്ചു. അതുകൊണ്ട് ഐക്യശ്രമങ്ങളുമായി വളരെ ജാഗ്രതയോടെയാണ് മുമ്പോട്ടു നീങ്ങിയത്. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിയ സാഹചര്യമായിരുന്നു. മൂവാറ്റുപുഴ അരമനയോടു ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലെക്സിന്റെ ഒരു നില ഇതിനോടകം പൂർത്തിയാക്കി എന്നതിനാൽ സാമ്പത്തികമായി കഷ്ടി പിടിച്ചു നിൽക്കുവാൻ സാധിക്കുമായിരുന്നു എന്നു മാത്രം. ഈ കാലയളവിൽ ആരംഭിച്ചിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പലതും നിർത്തിവയ്ക്കേണ്ടി വന്നു. എന്റെ സഹോദരന്മാരുടെ സാമ്പത്തികമായ സഹായം കൊണ്ട് ദാരിദ്ര്യമൊന്നും അനുഭവിക്കേണ്ടി വന്നില്ല. എബ്രാഹാം മാർ സേവേറിയോസ് തിരുമേനിക്ക് ഇതിനോടകം സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന് വലിയ ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടായിരുന്നില്ല. മറ്റു വരുമാനങ്ങൾ ഒന്നുംതന്നെ ഇല്ലാതിരുന്ന തൃശൂർ ഭദ്രാസനകേന്ദ്രത്തിന് ശരിക്കും പ്രയാസപ്പെടേണ്ടിവന്നു. നിക്കോളാവോസ് തിരുമേനിയെ സഭാ ഐക്യ കാര്യങ്ങളിൽ സഹകരിപ്പിച്ചിരുന്നില്ല. കാരണം അമേരിക്കയിലുള്ള പള്ളികളെല്ലാം തന്നെ പാത്രിയർക്കീസ് ബാവായുടെ കീഴിൽ ആയിരുന്നതിനാൽ അവിടെ പിളർപ്പുണ്ടാക്കി അദ്ദേഹത്തിന് പ്രശ്നമുണ്ടാകരുത് എന്നു കരുതി.

ഈ സന്ദർഭത്തിലാണ് സഭാഭരണഘടന അംഗീകരിച്ച് കാതോലിക്കാ ബാവായ്ക്ക് പ്രതിജ്ഞാപത്രം നൽകണം എന്ന ആവശ്യം സഭാകേന്ദ്രത്തിൽ നിന്ന് ഉണ്ടായത്. ഇതിനകം തന്നെ നീതിപീഠത്തിന്റെ നിർദ്ദേശ പ്രകാരം ഭരണഘടന അംഗീകരിച്ച് സത്യവാങ്മൂലം കോടതിയിൽ കൊടുത്തിരുന്നു. അത് കോടതി അംഗീകരിക്കുകയും ചെയ്തിരുന്നു. ആ സ്ഥിതിക്ക് ഭരണഘടന അംഗീകരിക്കാത്തവർക്ക് സഭാഭരണത്തിന് നിരോധനമുണ്ടാകുന്നതുവരെ കാതോലിക്കാ ബാവയുടെ അടുക്കൽ ഭരണഘടന അംഗീകരിച്ചു കൊടുക്കുന്നത് തന്ത്രപരമായി ഒരു അബദ്ധമായിരിക്കും എന്നായിരുന്നു എന്റെ ചിന്ത. കൂടാതെ അങ്ങനെ ചെയ്താൽ കാതോലിക്കാ ബാവായെ അംഗീകരിച്ച് കൂറുമാറ്റമായി വ്യാഖ്യാനിക്കാൻ ഇടയുണ്ട് എന്ന് ഞാൻ കണക്കുകൂട്ടി. സഭൈക്യം സംബന്ധിച്ചുള്ള നിലപാടിൽ പാത്രിയർക്കീസ് കക്ഷി ആശയപരമായ ഒരു ധ്രുവീകരണം പൂർത്തിയായി ഐക്യവാദികളുടെ ഏകീകരണം ഉണ്ടാകുന്നതുവരെ ഘടനാപരവും കൗദാശികവുമായ സഹകരണം അപകടകരമായിരിക്കുമെന്ന ധാരണ എനിക്കുണ്ടായിരുന്നു. ചുരുങ്ങിയത് ഐക്യവിരോധികളായ മേൽപ്പട്ടക്കാർക്ക് ഭദ്രാസനകാര്യത്തിൽ ഇടപെടുന്നതിന് നിരോധനം കിട്ടുന്നതിനു മുമ്പ് ബാവായുടെ പക്കൽ സത്യവാങ്മൂലം ഒപ്പിട്ടുകൊടുത്താൽ കൂടെയുള്ള ജനം നഷ്ടപ്പെടുവാൻ ഇടയുള്ളതുകൊണ്ട് അത് സാവകാശം മതി എന്ന ശാഠ്യത്തിലായിരുന്നു ഞാൻ. ഏതാനും മാസങ്ങൾക്കു മുമ്പ് തിരുവാങ്കുളം അരമനയിൽ വച്ച് കയ്യേറ്റമുണ്ടായപ്പോൾ ഭരണഘടന അംഗീകരിച്ച് ഓർത്തഡോക്സ് വിഭാഗവുമായി എത്രയും വേഗം ഐക്യത്തിലാകുകയാണ് ബുദ്ധി എന്ന് പാത്രിയർക്കീസ് വിഭാഗം സമുദായട്രസ്റ്റി ശ്രീ. കെ. എ. തോമസ് എന്നെ ഉപദേശിച്ചതാണ്. അത് ബുദ്ധിമോശമാണ് തന്ത്രപൂർവ്വമല്ല എന്നായിരുന്നു എന്റെ പ്രതികരണം. ജനങ്ങളെക്കൂടി തീരുമാനമെടുപ്പിക്കാതെ ഭരണഘടന അംഗീകരിച്ചിട്ട് എന്തുകാര്യം എന്നായിരുന്നു എന്റെ ചിന്ത. സഭൈക്യം എന്റെയൊരു മാനസിക പ്രശ്നമല്ല. സഭയുടെ ഒരാവശ്യമായിട്ടാണ് ഞാൻ കണ്ടത്. ഏതായാലും പിന്നീട് ഞാൻ ഭരണഘടന അംഗീകരിച്ചപ്പോൾ ശ്രീ. തോമസ് കൂടുവിട്ട് ഐക്യവിരുദ്ധരുടെ കൂടെക്കൂടി അത്യാവശ്യം തീവ്രവിശ്വാസിയായി "കമാൻഡർ" സ്ഥാനം നേടി എന്നത് ചിരിക്കാനുള്ള മറ്റൊരു കഥ.

എന്നാൽ മിലിത്തിയോസ് തിരുമേനി ഒപ്പിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരുന്നു. എബ്രഹാം മാർ സേവേറിയോസ് തിരുമേനി അമേരിക്കയിൽ നിന്ന് ഒപ്പിട്ട സത്യവങ്മൂലം എന്റെ പേരിൽ അയച്ചു തന്നിരുന്നു. ഇവർ രണ്ടുപേരുടെയും സത്യവാങ്മൂലം ഞാൻ കൈവശം വച്ച് കൊടുക്കുവാൻ വൈകിച്ചു. കൊടുക്കരുത് എന്ന് നിർബന്ധം കൊണ്ടല്ല. ആ സമയത്ത് അത് കൊടുത്താൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതത്തെപ്പറ്റി എനിക്ക് നല്ലബോധ്യം ഉണ്ടായിരുന്നതുകൊണ്ടാണ്. കാതോലിക്കാ ബാവയാകട്ടെ, ഒപ്പിട്ടു കിട്ടുന്നതിന് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. വർക്കിംഗ് കമ്മിറ്റിയും, അഡ്വൈസറി കമ്മിറ്റിയും, സുന്നഹദോസിന്റെയും തീരുമാനപ്രകാരമാണ് ബാവാ ഇത് ചെയ്തത് എന്ന് പിന്നീട് ഞാൻ അറിഞ്ഞു. ഇതൊരല്പം വൈകി നൽകുകയായിരിക്കും ബുദ്ധി എന്ന് പറഞ്ഞ് ഞാൻ അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കാരണം, ഇതിന് പ്രചാരം കിട്ടിയാൽ ഐക്യവിരോധികൾ സാഹചര്യം മുതലെടുക്കും. നിയമപ

രമായി സാധുതയില്ലെങ്കിലും നടപടികളെടുക്കാം. ഇതുകൂടാതെ ഓർത്തഡോക്സ് വിഭാഗത്തിലെ ഐക്യവിരോധികൾ ഐക്യത്തിനുവേണ്ടി ശ്രമിക്കുന്നവരുടെ നില ദുർബലപ്പെടുത്തി ഐക്യശ്രമം തകർത്ത് അവരെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്ന കാര്യവും ചെറുതായി കാണുവാൻ പറ്റില്ല എന്ന് ബാവായെ അറിയിച്ചു. അവർ വഴി ഈ കാര്യം ഉടൻ തന്നെ പുറത്തുവരും എന്നതിൽ എനിക്കും ഉറപ്പുണ്ടായിരുന്നു.

എന്തെല്ലാം പറഞ്ഞിട്ടും ബാവായ്ക്ക് സത്യവാങ്മൂലം ഒപ്പിട്ടുകിട്ടിയേ തീരൂ. ബന്ധപ്പെട്ട കടലാസുകൾ സെയ്ഫ് കസ്റ്റഡിയിലായിരിക്കുമെന്നും ആർക്കും അത് ലഭിക്കുകയില്ലെന്നും ഉറപ്പു തന്നപ്പോൾ ഞാൻ അദ്ദേഹം ആവശ്യപ്പെട്ടതുപോലെ എന്റെ സത്യവാങ്മൂലം ഒപ്പിട്ടുകൊടുക്കുകയും മറ്റുള്ളവരുടേത് കൈമാറുകയും ചെയ്തു. ഇതേത്തുടർന്ന് പരി. കാതോലിക്കാ ബാവ എനിക്ക് ഭദ്രാസനച്ചുമതലയുടെ പുനർനിയമന കല്പനയും തന്നു.

ഏതായാലും ഞാൻ കണക്കുകൂട്ടിയത് അതേപടി സംഭവിച്ചു. വൈകാതെ തന്നെ കണ്ടനാട് ഭദ്രാസനത്തിന്റെ വലിയ പല പള്ളിപ്പരിസരങ്ങളിലും സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലുള്ള കല്പനയുടെ കോപ്പി ഇഷ്ടംപോലെ ലഭ്യമായി. ഇത് എങ്ങനെ സംഭവിച്ചു എന്നത് എനിക്ക് ചിന്തിക്കാവുന്ന കാര്യം മാത്രമായിരുന്നു. ദേവലോക കാര്യനടത്തിപ്പിലെ വിശ്വാസ്യത (confidentiality) യിൽ എനിക്ക് പണ്ടേ ഉറപ്പില്ലാതിരുന്നത് ഇതോടെ ബോധ്യമായി മാറി. ഐക്യപ്രക്രിയ അപകടപ്പെടുത്തുന്നതിൽ ജാഗ്രത കൂടുതൽ പുലർത്തുന്നത് പുതിയ കൂട്ടത്തിലെ ചങ്ങാതിമാരാണെന്നും മനസ്സിലായി. ഇതിനു പ്രചാരം കിട്ടിയതോടെ പാത്രിയർക്കീസ് പാളയം ഉത്സാഹത്തിലായി. അത്താനാസ്യോസും കൂട്ടരും കൂറുമാറിയതിനാൽ ഒരു പള്ളിയിലും കയററുത് എന്നും നീറാമുകൾ പള്ളിയിൽ യോഗം ചേർന്ന് തീരുമാനം എടുക്കുകയും തടയാൻ ക്രമീകരണം നടത്തുകയും ചെയ്തു. ഇതോടെ കൂടെ ഉണ്ടായിരുന്ന പലരും എന്നോട് യാത്ര പറഞ്ഞു. അത് വരുത്തിയ നഷ്ടം എനിക്കായിരുന്നില്ല. മറിച്ച്, മലങ്കര സഭയ്ക്കും ഐക്യപ്രക്രിയയ്ക്കുമായിരുന്നു. ലാഭമൊ? അക്രമസംഘത്തിനും സ്വാർത്ഥ താല്പര്യക്കാർക്കും. എങ്കിലും വ്യക്തിപരമായി ഏറെ ദുഃഖം എനിക്കിതുണ്ടാക്കി. ഞാൻ ലാഭം നോക്കുന്ന ആളായിരുന്നെങ്കിൽ സഭയുടെ ഐക്യത്തിനും നല്ല ഭാവിക്കുമൊന്നും അന്വേഷണം നടത്തുകയില്ലായിരുന്നു. പൊങ്ങുതടി പോലെ പാത്രിയർക്കീസ് വിഭാഗത്തിൽ പതഞ്ഞുകിടന്ന് അക്രമനേതൃത്വത്തോട് സഹകരിച്ചാൽ മതിയായിരുന്നു. ഇഷ്ടം പോലെ പണവും ആവശ്യത്തിന് ശിങ്കിടികളും കിട്ടുമായിരുന്നു. എന്നാൽ തമ്മിലടിച്ച് സ്വത്വവും വിഭവശേഷിയും നഷ്ടപ്പെട്ട് നശിക്കുന്ന ഈ സഭ മാറിവരുന്ന കാലഘട്ടത്തിൽ ക്രിസ്തുസാക്ഷ്യം നിർവ്വഹിക്കേണ്ടതിന്റെ ആവശ്യബോധം എന്നെ കഴിഞ്ഞകാലങ്ങളിൽ ഭരിച്ചപ്പോൾ ഇടം വലം നോക്കാതെ സഭൈക്യത്തിന് കൂട്ടുസഖാക്കളോടൊപ്പം സാഹസികമായി എടുത്തു ചാടുകയായിരുന്നു. ഇതിനോട് സർവ്വാത്മനാ സഹകരിക്കേണ്ടവർ പോലും കാലുവാരിയതിന്റെ കഥയാണ് തുടർന്നുണ്ടായത്.

ഐക്യശ്രമം പൂർണ്ണമായും പാളുമോ എന്ന് സംശയിച്ചു. ആത്മസംഘർഷം കൂടിവന്നു. ഇത് എന്റെ വ്യക്തിപരമായ പരാജയമാകുമെങ്കിൽ അത് സഹിക്കുവാൻ എളുപ്പമായിരുന്നു. എന്നാൽ എന്റെ ഒരു ദൗത്യപരാജയത്തിന് സംഭവിക്കുന്ന അപമാനത്തേക്കാൾ സഭഐക്യശ്രമത്തിന് സംഭവിക്കാവുന്ന തകർച്ചയെപ്പറ്റിയുള്ള ഭയവും വിശ്വസിച്ചു കൂടെ ഇറങ്ങിത്തിരിച്ചവരുടെ ഭാവി എന്താകും എന്ന ഉത്കണ്ഠയുമാണ് എന്നെ ഭാരപ്പെടുത്തിയത്. പരി. കാതോലിക്കാ ബാവ ആവശ്യമെങ്കിൽ വൈദീകർക്ക് ശമ്പളവും, വ്യഹാരത്തിനാവശ്യമായ സാമ്പത്തിക പിന്തുണയും വാഗ്ദാനം ചെയ്തിരുന്നു. അതുകൊണ്ടായില്ലല്ലോ. ശുശ്രൂഷയ്ക്ക് ഇടവക ഇല്ലാതായാൽ വൈദീകർക്ക് ശമ്പളം മാത്രം കിട്ടിയിട്ടെന്തുകാര്യം! അതിന് വേണ്ടിയല്ലല്ലോ അവർ ഈ വിളി ഏറ്റെടുത്തത്. അക്രമവും വിഘടനവാദവും അവസാനിപ്പിക്കാനായി ഒത്തുകൂടിയവർക്ക് എതിർപ്പ് രണ്ടുഭാഗത്തുനിന്നുമായാൽ അവരുടെ ഗതി എന്താകും? ഉറങ്ങുവാനാവാത്ത രാത്രികൾ! മയങ്ങിപ്പോയാൽ പേക്കിനാവുകൾ കണ്ട് ഞെട്ടി ഉണരുന്ന ഇരുളിന്റെ യാമങ്ങൾ. ഉറക്കത്തിലും ഉണർവ്വിലും മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. "എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതിനാൽ അവരിൽ നിന്ന് എന്നെ വിടുവിക്കേണമേ. ഞാൻ വലതുവശത്തേയ്ക്കു നോക്കി. എന്നെ ശ്രദ്ധിക്കുന്നവരില്ല. എനിക്ക് ഒരു സങ്കേതവുമില്ല." ഞാൻ ചിന്തിച്ചു: ഇതെന്റെ മാത്രം വിധിയല്ലല്ലോ. ഇത് എഴുതിയ ദാവീദ് എത്രമാത്രം വ്യഥയിലായിരിക്കണം ഈ സങ്കീർത്തനം രചിച്ചത്! ശരിക്കും നീതിക്കുവേണ്ടി നിന്നാൽ ഈ ഒറ്റപ്പെടൽ അനിവാര്യമായി സംഭവിക്കും. സ്വയം ആശ്വാസം കണ്ടെത്താൻ ശ്രമിച്ചു. ഒരു നിമിഷം കഴിയുമ്പോൾ മനസ്സിൽ പിന്നെയും തികട്ടിവരും. "എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരാകയാൽ അവരിൽ നിന്നും എന്നെ വിടുവിക്കേണമേ!" കുഴയുന്ന കാലടികളോടും, പതറുന്ന മനസ്സോടും, കൂടെനിൽക്കുന്നവരോട് പോലും ഹൃദയഭാരം പങ്കുവയ്ക്കാനാവാത്ത മാനസികാവസ്ഥയോടും കൂടി കഴിച്ചു കൂട്ടിയ ദിനങ്ങളിൽ ദൈവം എന്നെ വഴിനടത്തി എന്ന് തിരിഞ്ഞു നോക്കുമ്പോൾ ഞാൻ തിരിച്ചറിയുന്നു.
*(തുടരും)*


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

ശിഖ

# ചക്രവർത്തി

സഖേർ

"ഉള്ളിലിരിപ്പുകളെ
തൂവിക്കളയുക,
ആസക്തികളെ മാത്രമല്ല,
മമതകളെയും"

ഒന്നിനെക്കുറിച്ചും വിചാരപ്പെടേണ്ടതില്ലാത്ത കാലമാണ് ഓണനാളുകൾ. സ്വസ്ഥമായ ഹൃദയമുള്ളവരെക്കുറിച്ചാണ് ഓണം ഓർമ്മിപ്പിക്കുക. കള്ളവും ചതിയും എള്ളോളം പൊളിവചനവും കള്ളപ്പറയും ഇല്ലാത്ത ഒരു കാലത്ത് മനുഷ്യർ സ്വസ്ഥമായല്ലേ ജീവിക്കുക! പൂക്കളും പൂത്തുമ്പിയും തുമ്പയും ചെത്തിയുമൊക്കെ കടന്നു വരാത്ത ഓണക്കുറിപ്പുകളിൽ ഒരു ശൂന്യതയാണ് നമുക്ക് തോന്നുക.

സത്യത്തിൽ ഒരു 'ശൂന്യവത്കരണ'ത്തെക്കുറിച്ചാണ് 'സ്വകാര്യവത്കരിക്കപ്പെട്ട' നമ്മുടെ ഓണക്കാലത്ത് ചിന്തയുണ്ടാകുന്നത്. ഉത്സവബത്തകൾ പ്രഖ്യാപിച്ച് തലങ്ങും വിലങ്ങും പാഞ്ഞുനടക്കുന്ന നേതാക്കന്മാരേറെയുള്ള കാലത്ത് ഒരു ചക്രവർത്തിയെ ഓർമ്മിച്ചെടുക്കുക നിസ്സാരമല്ല.

എങ്ങനെയാണ് ഒരു മനുഷ്യന് ചക്രവർത്തിയാകാനാവുക? മഹാബലമുള്ളതുകൊണ്ട് മാത്രം പറ്റില്ല. എന്നാലോ 'മഹാബലി' ആയാൽ സാധ്യതയുണ്ടുതാനും. എന്താണ് ബലി നൽകുകയെന്നാൽ? എന്തിനെയാണ് ബലി നൽകുക? തനിക്ക് ഏറ്റവും പ്രിയപ്പെട്ടതിനെ നിരുപാധികം നൽകുന്നതാണ് ബലി എന്നാണ് പ്രമാണം. ഓരോ വ്യക്തിയും ഹൃദയത്തിൽ പരമസ്ഥാനം കൊടുത്ത് സൂക്ഷിക്കുന്നത് പലതാകും. ചിലർക്ക് അധികാരം, മറ്റു ചിലർക്ക് പണം, പദവി, മഹിമ, കാമം എന്തുമാകാം. നമ്മുടെ വിചാരങ്ങളിൽ പ്രബലമായതാണ് നമ്മെ മുമ്പോട്ട് നയിക്കുക. സ്വന്ത ഇഷ്ടം ബലി നൽകുകയെന്നാൽ അപരന് സ്വഹൃദയത്തിൽ ഇടമുണ്ടാവുന്നു എന്നാണർത്ഥം. ആർക്കും ഇടമില്ലാതെ 'ഞാൻ' നിറഞ്ഞുകവിഞ്ഞിരിക്കുന്ന ഹൃദയങ്ങൾ കൊണ്ട് എങ്ങനെയാണ് നാം ഉത്സവങ്ങൾ ആഘോഷിക്കുക?

ഏറ്റവും ലളിതമായി പറയുന്നെങ്കിൽ 'ഞാൻ' എന്റെയുള്ളിൽ നിന്നും പുറത്തു പോകുന്നവനാണ് ചക്രവർത്തി. അതെങ്ങനെയെന്നാവും സന്ദേഹം. തവോമൊഴിയുണ്ട് ഓർമ്മിക്കുന്നതിന്,

"ഒരു ചക്രത്തിന്റെ മുപ്പത് ആരക്കാലുകൾ. മുപ്പതും ചക്രത്തിന്റെ നാഭിയിൽ സന്ധിക്കുന്നു. പക്ഷേ നോക്കൂ... നാഭി വെറും ശൂന്യം? അതിനാലത്രേ ചക്രം കറങ്ങുന്നതും."

ചക്രത്തിന്റെ കേന്ദ്രം ശൂന്യമാണ്. ചക്രത്തിന്റെ കേന്ദ്രത്തിൽ വർത്തിക്കുന്നവനാണ് ചക്രവർത്തി. ജീവിതചക്രം ദിനവും ഉരുളുകയാണ്. സന്തോഷത്തിന്റെ കുന്നുകളും ദുഃഖത്തിന്റെ താഴ്‌വരകളും അതിന്റെ വഴിത്താരയിൽ ഉണ്ട്. പ്രസാദങ്ങളുടെയും അവസാദങ്ങളുടെയും ഈ നിരന്തര ചംക്രമണത്തിൽ അസ്വസ്ഥനാകുന്നവനല്ല ചക്രവർത്തിയാകുക. അവന് ഇളക്കമുണ്ടാവില്ല. അവൻ സ്ഥിതമാനസനും കാലാതിവർത്തിയായ ദർശനമുള്ളവനും ആവും. 'മമസുഖം'; 'മമദുഃഖം' എന്നിങ്ങനെ ഉരുളുന്നതിൽ നിന്നുള്ള മുക്തിയുണ്ടാവുക 'ഞാൻ' ബലികഴിക്കപ്പെടുമ്പോഴാണ്. ഞാനെന്ന ഭാവം അത് തോന്നായ്കയാണ് മഹാബലി.

◆ ധർമ്മ ചക്രവർത്തിയെക്കുറിച്ച് ഏറെപ്പറയുന്നുണ്ട് ഭാരതം. അതുകൊണ്ടുതന്നെയാണ് അത് അശോകന്റെ (ശോകമറ്റവന്റെ) അടയാളമാകുന്നത്. ഭാസിൽ രതിയുള്ള ഭാരതീയരുടെ മുഖമുദ്രയാവുന്നതിനും മറ്റൊരു കാരണമില്ല.

പ്രവൃത്തിയും നിവൃത്തിയും പഠിക്കുക ഈ ചക്രത്തിൽ നിന്നാണ്. പ്രവൃത്തിയുടെ ആധാരം നിവൃത്തിയാണെന്ന പാഠം ശ്രദ്ധയോടെ കേൾക്കുക. നാഭിയിൽ നിന്ന് അകലും തോറും ആരക്കാലുകൾ തമ്മിലുള്ള അകലം വർദ്ധിക്കുന്നു. ജനിമൃതികളും സുഖദുഃഖങ്ങളും ഒന്നിന്റെ ഭാഗങ്ങളാണെന്ന് പോലും മറക്കുന്നു. ലിംഗ-വർണ്ണ-ജാതി-മതഭേദങ്ങൾ പെരുകുന്നു. ഇങ്ങനെ അറിവില്ലാതെ വിഭജിക്കപ്പെടുന്ന മനുഷ്യന് ജീവിതചക്രത്തിന്റെ അരികുകളിൽ നിന്നൊരു മടങ്ങിപ്പോക്ക് അനിവാര്യമാണ്. ഉപരിപ്ലവമായ അന്വേഷണങ്ങളിൽ നിന്നും ഉറവകളിലേയ്ക്ക് ഒരു മടക്കം. പ്രഭവങ്ങളുടെ വിശുദ്ധി തേടിയുള്ള ഒരു തീർത്ഥാടനം. ചക്രവർത്തിയുടെ മുക്തമാനസത്തിലേയ്ക്കുള്ള ഒരു മടങ്ങിപ്പോക്ക്.

അത്രത്തോളം സുതാര്യമായ ഒരു മനസ്സില്ലെങ്കിൽ ഒരിക്കലും ഇത്തിരിപ്പോന്ന ഒരു കുറിയ മനുഷ്യൻ ഒന്നാംപാദത്തിന്റെ കീഴിൽ തന്റെ ഐഹിക ആസ്വാദനങ്ങളെയും (ഭൂമി) രണ്ടാം പാദത്തിനു കീഴിൽ തന്റെ പരലോകപ്രതീക്ഷകളെയും (ആകാശം) ഒടുക്കം മൂന്നാം പാദത്തിനു കീഴിൽ തന്റെ അഹംബോധത്തിന്റെ അവസാനകണവും (ശിരസ്സ്) നിരാകുലതയോടും നിസ്സംഗതയോടും അടക്കിവയ്ക്കുന്നതിന് മഹാബലിക്കാവില്ല. ചരിത്രകാരന്മാരുടെ ധാരണകൾ പലതുണ്ടാവും. എങ്കിലും സ്ഥിത പ്രജ്ഞനായ ഒരുവനെ മഹാബലിയാകാനാവൂ എന്നും അദ്ദേഹത്തെ ചക്രവർത്തി എന്നു വിളിക്കുന്നത് ഒട്ടും അനുചിതമാവില്ല എന്നും ഓർമ്മിപ്പിക്കട്ടെ.

നിർമ്മമനായ ഒരു ചക്രവർത്തി നമുക്കുണ്ടായിരുന്നതുകൊണ്ട് ഒരു ദിവസമെങ്കിലും നമുക്കൊന്നിച്ചുണ്ണാൻ ആവുന്നുണ്ടല്ലോ! അയൽപക്കത്ത് ഉണ്ണാനുണ്ടോ എന്നന്വേഷിക്കാനെങ്കിലും ഈ ദിവസം നമുക്ക് പ്രയോജനപ്പെടുന്നില്ലെങ്കിൽ എന്നാണ് ശരിയായ സ്വസ്ഥത നമുക്കുണ്ടാവുക? സ്വസ്ഥതയില്ലാത്ത നാം എങ്ങനെയാണ് ചക്രവർത്തിയെക്കുറിച്ച് പാടുക? ആത്മനൊമ്പരത്തോടെ പറഞ്ഞാൽ അസ്വസ്ഥരായ നമുക്ക് ഓണം ഉണ്ണാൻ എന്താണവകാശം?

◆ നിവൃത്തിയിലേയ്ക്കൊരു മടക്കം. ഇത്രത്തോളം അപകടകരമായ മറ്റൊരു യാത്രയില്ല. സംയമിയാവുക അത്ര അനായാസമല്ല. നമ്മെത്തന്നെ 'ഒഴിച്ചെടുക്കുക' എങ്ങനെയാവും നടക്കു

ക. ദൈവം തന്നത്താൻ ഒഴിച്ചെടുക്കുന്നതിനെക്കുറിച്ച് തിരുവെഴുത്തിൽ പഠിക്കുന്നുണ്ട് (ഫിലിപ്യർ 2:5–8). എവിടെയൊക്കെയോ ബദ്ധമായതിനെ എത്ര സൂക്ഷ്മമായി വേണം തിരികെ നേടാൻ! നിറഞ്ഞുപോയതിനെയൊക്കെ എങ്ങനെയാണ് കുടഞ്ഞുകളയുക! ദുഷിച്ചുപോയതൊക്കെ എങ്ങനെയാണ് എടുത്തു മാറ്റുക! സത്യം പറഞ്ഞാൽ നമ്മുടെ 'ഉള്ളിലിരിപ്പു'കളൊക്കെ നമ്മെത്തന്നെയും നമ്മുടെ അയൽക്കാരെയും വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്.

വെള്ളം തെളിയാനെന്തു ചെയ്യണം എന്നാണ് ചോദ്യം. ഒന്നും ചെയ്യാതിരിക്കണം എന്നാണുത്തരം. ഹൃദയം തെളിയുന്നതിന് ഒന്നും ചെയ്യാതിരിക്കണം. ചിന്തകളെ രോധിക്കണം. ചിത്തവൃത്തി നിരോധമാണ് യോഗം നൽകുന്നതെന്നാണ് പഠിച്ചിട്ടുള്ളത്. വെറുതെയിരിക്കുക എന്നാൽ ശുദ്ധീകരിക്കുക എന്നർത്ഥം. ശുദ്ധീകരിക്കുകയെന്നാൽ ഉള്ളിലേയ്ക്ക് നോക്കുക എന്നും.

സുഭാഷ്ചന്ദ്രന്റെ വാക്കുകളോർമ്മിക്കുമ്പോൾ ഉള്ളിലേയ്ക്ക് നോക്കാൻ ഭയമാണ്. "ഞാൻ ഉള്ളിലേയ്ക്ക് നോക്കുന്നു. നുരയുന്ന മാലിന്യങ്ങൾ മാത്രം കാണുന്നു. കാമത്തോടൊപ്പം പല നിറങ്ങളിലുള്ള ആസക്തികൾ, പരനിന്ദ, കുശുമ്പ്, കാതലില്ലായ്മ, അജ്ഞത, ഊച്ചാളിത്തരം, ഇരുട്ട്... എല്ലാം കിടന്ന് ലാവപോലെ നുരച്ച് തിളയ്ക്കുന്നതും കാണുന്നു."

◆ ദൈവം വെറുതെ ഇരിക്കാറുണ്ടോ? സംശയമുണ്ടോ? തിരുവെഴുത്തിന്റെ ആദ്യനാളുകൾ സ്വസ്ഥമായി നോക്കുക.

"ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തിയൊക്കെയും ദൈവം തീർത്ത ശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും 7-ാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്ന് നിവൃത്താനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു" (ഉല്പത്തി 2:1–3).

നിഷ്ക്രിയനായ ദൈവം എപ്പോഴും നമുക്കൊരു ആകുലതയാണ്. നമ്മെ സംബന്ധിച്ചിടത്തോളം സക്രിയ ഇടപെടലുകളുടെ ഒരു കൂമ്പാരമാണ് ദൈവം. ഇത്തിരി വലിയ കുന്നോളം പോന്ന ഒന്ന്. വെറുതെയിരിക്കുന്നതെല്ലാം നമുക്ക് ഭയമാണ്. വിജയൻ മാഷിനെ കടമെടുത്താൽ, സോക്രട്ടീസിന്റെ ഭാര്യ സന്താപ്പയുടെ വിചാരമാണ് നമ്മെയും ഭരിക്കുന്നത്. ഒരു ദിനം തന്റെ വീടിന്റെ ഉമ്മറത്ത് സോക്രട്ടീസ് കുത്തിയിരിക്കുകയാണ്. ഒരു പുസ്തകം പോലും എഴുതിയിട്ടില്ലാത്ത്ര മടിയനാണെന്നറിയാമല്ലോ! നേരം പുലരും മുമ്പേ അടുക്കളയിലെത്തിയതാണ് സന്താപ്പ. പണി തീരുന്നില്ല. എന്നാൽ പുറത്ത് വെറുതെയിരിക്കുന്ന ആൾക്ക് വന്ന് എന്തെങ്കിലും ഒന്ന് സഹായിച്ചു കൂടേ! പിറുപിറുത്തുകൊണ്ടാണ് സന്താപ്പ മുന്നേറുന്നത്. കല്ലിന് കാറ്റുപിടിച്ചമാതിരി സോക്രട്ടീസും. സഹികെട്ട് സഹധർമ്മിണി അറ്റകൈപ്രയോഗം നടത്തി. ഒരു പാത്രം വെള്ളം കോരി ഭർത്താവിന്റെ തലയിൽ ധാര കോരി. ഇടി പിന്നാലെ മഴയും എന്നുമാത്രം ഉച്ചരിച്ചിട്ട് സോക്രട്ടീസ് തന്റെ വെറുതെയിരിപ്പ് തുടർന്നു.

വെറുതെയിരിക്കുമ്പോൾ ഒന്നും ചെയ്യാനില്ലെന്നാണ് നമ്മുടെ കാലത്തെ മനുഷ്യരുടെ വിചാരം. വെളുപ്പിനു മുതൽ അന്തിയോളം സ്കൂൾ ബസ്സുകളും ടിപ്പറുകളും കൊണ്ട് നിരത്തുകൾ നിറയുകയാണ്. വെറുതെ കിടക്കുന്ന കുളങ്ങൾ മണ്ണിട്ട് നികത്തുന്നു. പാടങ്ങളും പുറമ്പോക്കുകളും 'വില്ല' കൃഷികൊണ്ട് നിറയ്ക്കുന്നു. ചന്ത മൈതാനങ്ങൾ ഷോപ്പിംഗ് ഹാളുകൾ കൊണ്ട് നിറയ്ക്കുന്നു. പള്ളിമുറ്റങ്ങൾ സ്കൂളും കോളേജും കൊണ്ട് നിറയ്ക്കുന്നു. എന്തിന്, കുഞ്ഞുങ്ങളുടെ ഒഴിവുകാലം മുഴുവൻ എക്സ്ട്രാ ക്ലാസ്സുകൾ കുത്തി നിറയ്ക്കുന്നു. മുറ്റമില്ലാത്ത ഫ്ളാറ്റുകൾ അന്തസ്സിന്റെ അളവുകോലാക്കിയവരോട് മാഷിതൊക്കെ എന്തിന് പറഞ്ഞുവെന്നാണ് ദുഃഖം.

വിശ്രമമെന്നാൽ വികലമായ ശ്രമം എന്നല്ല വിശേഷപ്പെട്ട ശ്രമം എന്നാണെന്ന് മറക്കാതിരിക്കുക.

◆ ഇനി ഇങ്ങനെ എഴുതുന്നതിൽ അർത്ഥമില്ലല്ലോ. എഴുത്തും വായനയും നിർത്തി അല്പനേരം വെറുതെയിരുന്നാലോ! ഉള്ളു നിറഞ്ഞിരിക്കുന്ന ദുഷിപ്പുകളെ കുടഞ്ഞുകളയാം. നമ്മുടെ ഹൃദയങ്ങൾ നിറഞ്ഞു കവിയാൻ പോന്ന സ്നേഹം ഇനിയും ഉണ്ട്. നമുക്ക് ഒന്ന് സ്വസ്ഥമായിരിക്കണ്ടേ! നാം സൃഷ്ടിക്കുന്നത് നല്ലത് എന്ന് കാണാനാവുകയും ഒടുവിൽ നിവൃത്തിയായി എന്നു വിളിച്ച് പറയാനാവുന്നതിൽപരം ദൈവീകമായി എങ്ങനെയാണ് നാം ജീവിക്കുക!

ജീവിതചക്രം ഒരു വട്ടംകൂടി കറങ്ങിയിരിക്കുന്നു. ചക്രത്തിന്റെ നാഭിയിലേക്ക് നോക്കുക. അതിൽ 'ഞാൻ' ഇരിപ്പുണ്ടെങ്കിൽ എങ്ങനെയാണ് സുഗമമായി ചലിക്കുക. ഉള്ളിലിരിപ്പുകളെ തൂവിക്കളയുക. ആസക്തികളെ മാത്രമല്ല മമതകളെയും. ഏറ്റവും പ്രിയപ്പെട്ടതിനെ ത്യജിക്കുക. ഈ സ്വകാര്യവത്കരണ കാലത്ത് 'ഞാൻ' തന്നെയല്ലേ എനിക്കേറ്റം പ്രിയങ്കരം!

അവസാനമായി, തന്നത്താൻ ത്യജിക്കാതെ ഒരുവന് എങ്ങനെയാണ് നിവൃത്തിയുടെ ജീവനകല പഠിപ്പിക്കുന്ന ഗുരുവിനെ പിന്തുടരാനാവുക. ഒറ്റവാക്കിൽ, ദൈവീകമായി ജീവിക്കാനാവുക?

**പൂരകം:** ഒരു വൃക്ഷത്തിൽ അഴകുറ്റ ചിറകുകളുള്ള ചങ്ങാതികളായ രണ്ട് പക്ഷികൾ. ഒന്ന് കനികൾ തിന്നുന്നു. മറ്റേത് ശാന്തവും നിശബ്ദവുമായി ഒന്നും രുചിക്കാതെ ഇരിക്കുന്നു. താഴത്തെ കൊമ്പിലുള്ളത് ഇനിപ്പും കയ്പും ഉള്ള കനികൾ ഇടവിട്ട് തിന്ന് സുഖിക്കുകയും ദുഃഖിക്കുകയുമാണ്. മുകളിലുള്ളത് ശാന്തം! ഗംഭീരം. സ്വമഹിമയിൽ ആണ്ടിരിക്കുന്നു. കാറ്റിടിക്കുന്നു. ഇലകളിളകുന്നു. പഴങ്ങൾ കൊഴിയുന്നു. പ്രഹരങ്ങൾ കിട്ടുന്തോറും താഴത്തെ പക്ഷി മുകളിലത്തെ പക്ഷിയോട് അടുക്കുന്നു. അടുക്കുന്തോറും മേലെയുള്ള പക്ഷിയിൽ നിന്നും വരുന്ന കാന്തി തന്റെ തൂവലുകൾക്കു ചുറ്റും കളിക്കുന്നതായി കാണുന്നു. അടുപ്പം കൂടുന്തോറും രൂപാന്തരീകരണം സംഭവിക്കുന്നു. ഏറെയേറെയടുക്കുമ്പോൾ സ്വയം വിലയിക്കുന്നതായി അനുഭവപ്പെടുന്നു. ഒടുവിൽ തിരോഭവിക്കുന്നു. വാസ്തവത്തിൽ ഭോക്താവില്ലായിരുന്നു. ഇളകുന്ന ഇലകളുടെയിടയിൽ ശാന്തഗംഭീരമായിരുന്ന മറ്റേ പക്ഷിയുടെ പ്രതിഫലനം മാത്രം. സർവ്വതിനും സാക്ഷിയായ മേലെ പക്ഷിയുടെ മഹനീയത (കഠോപനിഷത്ത്)

# പ്രതിവാരധ്യാനം

**ഫാ. ജെറി ജോൺ മാത്യു**

**19 സെപ്തംബർ 2010**

**സ്ലീബാപെരുന്നാളിനുശേഷം 1–ാം ഞായർ**

മർക്കോസ് 13:28–37

യേശു ഒലിവ് മലയിൽ ശിഷ്യന്മാരോട് സ്വകാര്യമായി സംസാരിക്കുന്നു. ഏകദേശം മൂന്ന് വർഷമായി എല്ലാ പ്രവർത്തനങ്ങളിലൂടെയും വാക്കുകളിലൂടെയും യേശു, പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന മിശിഹാ തന്നെയാണെന്ന് ശിഷ്യന്മാർക്ക് ബോധ്യപ്പെട്ടു. മിശിഹായുടെ രണ്ടാംവരവിനെ സംബന്ധിച്ചുള്ള ചില സൂചനകൾ പഴയനിയമ പുസ്തകങ്ങളിലുണ്ട് (ദാനിയേൽ 7:13–14). യിസ്രായേലിന്റെ വീണ്ടെടുപ്പിനായി മിശിഹായുടെ രണ്ടാംവരവ് ഉണ്ട് എന്നറിയാമായിരുന്ന ശിഷ്യന്മാർക്ക് പക്ഷേ അത് എപ്പോൾ ഉണ്ടാവും എന്നുമാത്രം അറിയില്ലായിരുന്നു. ഇതാണ് യേശുവിനോട് അവർ ആരായുന്നത്. ശിഷ്യന്മാരുടെ ചോദ്യത്തിന്റെ മറ്റൊരു പൊരുൾ, രാഷ്ട്രീയ യിസ്രായേലിന്റെ അധഃപതനത്തെ മുൻനിറുത്തിക്കൊണ്ടായിരുന്നു. വരികൾക്കിടയിലുള്ള ഈ അർത്ഥത്തിനാണ് യേശു മറുപടികൊടുക്കുന്നതും. യേശുവിന്റെ അഥവാ മിശിഹായുടെ രണ്ടാമത്തെ വരവിങ്കൽ സംഭവിക്കുന്ന കാര്യങ്ങൾക്ക് ഈ അദ്ധ്യായം പ്രാധാന്യം നൽകുന്നുണ്ട്.

അത്തിവൃക്ഷത്തിന്റെ ഇല തളിർക്കുന്നത് വസന്തകാലത്താണല്ലോ. വസന്തം കഴിഞ്ഞാൽ വേനലാണെന്ന് അറിയാത്തവർ ആരുമില്ല. "ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കരുതാത്ത സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ (14–ാം വാക്യം) മനുഷ്യപുത്രന്റെ പുനരാഗമനം അടുത്തു എന്ന് അറിഞ്ഞുകൊൾവിൻ." ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള വരികളാണ് യേശു ഉദ്ധരിക്കുന്നത് (ദാനിയേൽ 11:31, 9:27). ഇവിടെ യെരുശലേം ദേവാലയത്തിന്റെ നാശമാണ് യേശു ഉദ്ദേശിക്കുന്നത്.

യഹൂദന്മാരുടെ മത–രാഷ്ട്രീയ–സാമൂഹിക ജീവിതം ദേവാലയകേന്ദ്രീകൃതമായിരുന്നു. അതായത് ദേവാലയം യഹൂദന്മാരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ്. നമ്മൾ കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നതു പോലെ യഹൂദന്മാർ അവരുടെ ഭവനങ്ങളും പ്രാർത്ഥനാമുറികളും യെരുശലേം ദേവാലയത്തിലേയ്ക്ക് അഭിമുഖമായി വയ്ക്കാറുണ്ട്. എന്നാൽ സാമ്രാജ്യശക്തികൾ പലരും പല കാലഘട്ടങ്ങളിലും അത് ഛിന്നഭിന്നമാക്കിയിട്ടുമുണ്ട്. കാരണം ദേവാലയ നശീകരണം യഹൂദന്മാരെ ഒട്ടുക്ക് നശിപ്പിക്കുന്നതിന് തുല്യമാണ്.

യേശുവിന്റെ കാലഘട്ടത്തിലും യെരുശലേം ദേവാലയം പണി പൂർത്തിയാകാതെ കിടന്നിരുന്നു. ഈ യെരുശലേം ദേവാലയത്തെ മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെയും മൂല്യാധിഷ്ഠിത ജീവിതശൈലിയുടെയും അടയാളമായി കണ്ടുകൊണ്ടാണ് യേശു സംസാരിക്കുന്നത്. മൂല്യങ്ങൾ നഷ്ടപ്പെട്ട അധാർമ്മികതയും അരാജകത്വവും കൊടികുത്തി വാഴുന്ന അസത്യവും അനീതിയും അന്യായവും മനുഷ്യജീവിതത്തിന് കീറാമുട്ടികളായിത്തീരുമ്പോൾ മശിഹാ വരും എന്ന് യേശു പറയുന്നു. ഇതാണ് ശൂന്യമാക്കുന്ന മ്ലേച്ഛത. ഏത് അന്യായവും ഏത് അനീതിയും ഏത് അസത്യവും നന്മയുടെ പരിവേഷം കെട്ടി മനുഷ്യനെ തെറ്റിക്കുമ്പോൾ ആ കാലഘട്ടം വന്നു എന്ന് ഓർക്കണം. 13:30 ൽ തലമുറ എന്നത് മുപ്പതോ അമ്പതോ വർഷത്തിന്റെ കണക്കല്ല മറിച്ച് മനുഷ്യജീവിതത്തെ പൊതുവായി കണ്ടുകൊണ്ടാണ് പറയുന്നത്. അധർമ്മം കൊടികുത്തി വാഴുമ്പോൾ മനുഷ്യപുത്രന്റെ വരവ് സംഭവിക്കും. നമുക്ക് ചുറ്റും ഈ ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കരുതാത്ത സ്ഥലത്ത് നിൽക്കുന്നുണ്ടെങ്കിൽ സംശയം വേണ്ട ഇതൊരടയാളമാണ്. എന്ന് ദാനിയേൽ 9:27 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ശൂന്യമാക്കുന്നവന്റെ മേൽ അവസാനത്തോളം ദൈവകോപം ഉണ്ടാകും. നീതി വാഹകരാകുക.

**26 സെപ്തംബർ 2010**

**സ്ലീബാപെരുന്നാളിനുശേഷം 2–ാം ഞായർ**

മത്തായി 16:5–12

ഗലീലക്കടലിന്റെ പ്രദേശങ്ങളിൽ നിന്ന് കൈസറിയായുടെ പ്രദേശങ്ങളിലേയ്ക്കുള്ള യേശുവിന്റെ യാത്രാമദ്ധ്യേ ശിഷ്യഗണത്തിന് നൽകുന്ന ഉപദേശമാണ് ഈ വേദഭാഗത്തിന്റെ ഉള്ളടക്കം. ഗലീലക്കടലിന്റെ പ്രദേശങ്ങളിൽ വച്ച് അഞ്ചപ്പംകൊണ്ട് അയ്യായിരത്തിലധികം വരുന്ന പുരുഷാരത്തിനും ഏഴപ്പംകൊണ്ട് നാലായിരത്തിലധികം വരുന്ന പുരുഷാരത്തിനും തൃപ്തിയാവും വണ്ണം ഭക്ഷണം നൽകിയ അത്ഭുത പ്രവർത്തനങ്ങൾക്കുശേഷമാണ് ഈ സംഭവം നടക്കുന്നത്. തൃപ്തിയായി ഭക്ഷിച്ചശേഷം ശേഷിച്ച അപ്പക്കഷണങ്ങളെടുക്കുവാൻ സാധിക്കാതെ പോകുന്ന ശിഷ്യർക്ക് പുളിച്ച മാവിനെ സൂക്ഷിക്കുക എന്ന ക്രിസ്തുവിന്റെ ആഹ്വാനം തെറ്റിധാരണാജനകമാകുന്നു. "പുളിച്ച മാവ്" ഒരു വസ്തുവിനെ കുറിക്കുന്നെങ്കിലും ക്രിസ്തു ഇവിടെ അർത്ഥമാക്കുന്നത് പുളിച്ച മാവ് എന്ന പരീശന്മാരുടെ ഉപദേശത്തെയാണ്.

പുളിപ്പിന് പല അർത്ഥങ്ങൾ വേദപുസ്തകം നല്കുന്നുണ്ട്. നല്ലതല്ലാത്ത ഏതോ ഒരു അനുഭവത്തെ കുറിക്കുവാനാണ് പ്രധാനമായും "പുളിപ്പ്" ഉപയോഗിച്ചിരുന്നത്. അബ്രാഹാമിന്റെ ഭവനത്തിൽ ദൈവദൂതന്മാർക്കായി ഒരുക്കിയ സദ്യയിൽ പുളിപ്പ് ഉപയോഗിക്കുന്നില്ല (ഉല്പത്തി: 19:3). മിസ്രേമിൽ നിന്നുള്ള യിസ്രായേൽ മക്കളുടെ പുറപ്പാടിങ്കൽ പുളിപ്പുള്ള യാതൊരു വസ്തുവും കൊണ്ടുപോകരുത് എന്ന് യഹോവ നിഷ്കർഷിക്കുന്നുണ്ട് (പുറപ്പാട് 12:15). പെസഹാ ആചരണത്തിലും പുളി

പ്പുള്ള അപ്പം ഉപയോഗിക്കരുത് എന്ന് യഹോവ കല്പിക്കുന്നുണ്ട് (പുറപ്പാട് 12:17).

പുതിയ നിയമത്തിലും പുളിപ്പ് അശേഷം വെടിയേണ്ട അനുഭവങ്ങളെക്കുറിക്കുന്ന വസ്തുവാണ്. 1 കൊരി. 5:7 ൽ പുളിപ്പില്ലാത്തവരാകുവാൻ പരി. പൗലോസ് ശ്ലീഹാ വിശ്വാസികളെ ഉപദേശിക്കുന്നു. ഇവിടെ പ്രശംസ എന്ന വികാരത്തെ പഴയ പുളിമാവായി ഉപമിക്കുന്ന പരി. പൗലോസ് ശ്ലീഹാ സ്വയപരിത്യാഗത്തിലൂടെ ക്രിസ്തുവിന്റെ ബലി പ്രശംസയുടെ സാധ്യത ഇല്ലാതാക്കി എന്ന് ഓർമ്മിപ്പിക്കുന്നു. തിന്മയെയും ദുഷ്ടതയെയും പുളിച്ചമാവ് എന്ന വാക്കുകൊണ്ടാണ് പരി. പൗലോസ് ശ്ലീഹാ ഉപമിക്കുന്നത്. പരീശന്മാരുടെ കപടഭക്തിയെ പുളിച്ച മാവിനോട് യേശു ഉപമിക്കുന്നുണ്ട് (ലൂക്കോസ്. 12:1). ഈ പുളിപ്പിന്റെ അനുഭവങ്ങളെ പരിപൂർണ്ണമായി വെടിയുവാനും സ്വച്ഛതയും സത്യവുമായ അനുഭവങ്ങൾ കൊണ്ട് ദൈവഭക്തിയുള്ളവരായി മാറുവാനും വേദം നമ്മോട് ആഹ്വാനം ചെയ്യുന്നു.

വി. കുർബ്ബാനയിൽ പുളിപ്പുള്ള അമീറയാണ് ഓർത്തഡോക്സ് വിശ്വാസികൾ ഉപയോഗിക്കുന്നത്. ഈ പുളിപ്പിന് ക്രിസ്തു ഈ വേദഭാഗത്ത് പറയുന്ന പുളിപ്പിന്റെ അനുഭവവുമായി ബന്ധമൊന്നുമില്ല. അമീറയിലെ പുളിപ്പ് സഭയുടെ പാരമ്പര്യത്തിൽ കടന്നുവന്നതാണ്. പരി. കല്ദായ സുറിയാനി സഭയുടെ പാരമ്പര്യത്തിൽ ഈ പുളിപ്പ് പരി. മൂറോൻ പോലെ കൗദാശിക പ്രാധാന്യമുള്ള ഒന്നാണ്.

### 3 ഒക്ടോബർ 2010

**സ്ലീബാപെരുന്നാളിനുശേഷം 3–ാം ഞായർ**

മർക്കോസ് 2:23–28

എല്ലാ തത്വങ്ങൾക്കും എല്ലാ ചിന്തകൾക്കും നിയമങ്ങൾക്കും പ്രാവർത്തികതലത്തിൽ നല്ലതും തീയതുമായ പരിണിത ഫലങ്ങളുണ്ടല്ലോ? എന്നാൽ ഒരു സത്യവും ശാശ്വതവും പരമവും കേവലവുമല്ല. ഒരു വ്യക്തിയുടെ സത്യം മറ്റൊരാൾക്ക് സത്യമാവണമെന്നില്ലല്ലോ. നിയമങ്ങൾ മനുഷ്യന്റെ അഭിവൃദ്ധിക്കുവേണ്ടി മനുഷ്യനാൽ ഉണ്ടാക്കപ്പെട്ടതാണ് എന്നത് പലപ്പോഴും വിസ്മരിക്കപ്പെടുന്നു. മനുഷ്യത്വം കാർക്കശ്യത്തിന് വഴിമാറുമ്പോൾ അധികാരവർഗ്ഗം നിരന്തരം വിസ്മരിക്കുന്നതും പീഡിതവർഗ്ഗം നിരന്തരം ഓർമ്മിക്കുന്നതുമായ ഒന്നാണ് 2:27 ൽ യേശു പറയുന്നത്. മനുഷ്യൻ ശാബത്ത് നിമിത്തമല്ല, ശാബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്.

ഇവിടെ ചോദ്യം പ്രസക്തമാണ്. മനുഷ്യനാണോ, ശാബത്താണോ വലുത്. യേശു ഈ ചോദ്യത്തിന് ആദ്ധ്യാത്മീയ മാനത്തിനപ്പുറമുള്ള സാമൂഹ്യ പ്രതിബദ്ധതയിൽ നിന്നുകൊണ്ടാണ് ഉത്തരം കൊടുക്കുന്നത്. മനുഷ്യത്വം തെല്ലുമില്ലാത്ത സാമൂഹിക ക്രമത്തിൽ ആത്മീയമെന്ന് നാം വിളിക്കുന്ന നമ്മുടെ ജീവിതമേഖലയ്ക്ക് ഒരു കുഴപ്പവുമില്ല എന്ന് നാം വിചാരിക്കുന്നത് തെറ്റായ ചിന്തയാണ്. നമ്മുടെ ആദ്ധ്യാത്മീയ ആചാരാനുഷ്ഠാനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെയുള്ളതാണോ എന്ന് വിലയിരുത്തുക.

ശാബത്ത് വെറും ഒരാത്മീയ നിയമമായി കാണേണ്ടിവന്ന യഹൂദ ജീവിതത്തെയാണ് ക്രിസ്തു പുച്ഛിക്കുന്നത്. ജീവരക്ഷയ്ക്കുവേണ്ടിയാണ് നിയമങ്ങൾ എന്ന് ഓർമ്മപ്പെടുത്തുന്ന ക്രിസ്തു, ദാവീദ് രാജാവ് വിശന്നിരുന്നപ്പോൾ ചെയ്ത ഒരു പ്രവൃത്തിയെ മുൻവെച്ച് സംസാരിക്കുന്നു. നിയമപാലകർ നിയമത്തിനതീതരാകുന്നു. നീതിയുക്തമായ പ്രവർത്തനമാണ് ആവശ്യം. ഇവിടെ പ്രധാനം നാം ചെയ്യുന്ന പ്രവൃത്തിയാണെന്ന് ക്രിസ്തു ഓർമ്മപ്പെടുത്തുന്നു. ഇത് ചെയ്യരുത്, അത് ചെയ്യരുത് എന്നു പറയുന്ന അധികാര വർഗ്ഗത്തിന്റെ നിഷേധാത്മക സംസ്കാരത്തെ, "എന്താണ് ചെയ്യേണ്ടത്" എന്ന പ്രസാദാത്മക സമീപനം കൊണ്ട് നേരിടുന്ന ക്രിസ്തുവിനെയാണ് ഈ വേദഭാഗം പരിചയപ്പെടുത്തുന്നത്. "എന്താണ് ചെയ്യേണ്ടത്" അഥവാ "എന്തൊക്കെ ചെയ്യാം" എന്ന ചോദ്യത്തിനുള്ള ഉത്തരത്തെ ആധാരമാക്കി നമ്മുടെ ആദ്ധ്യാത്മീയവും മതപരവും രാഷ്ട്രീയവുമായ പ്രവൃത്തി മണ്ഡലങ്ങളെ സാമൂഹിക പ്രതിബദ്ധതയോടെ പുനരാവിഷ്കരിക്കുക എന്നതാണ് ഈ വേദഭാഗത്തിലൂടെയുള്ള സന്ദേശം.

### 10 ഒക്ടോബർ 2010

**സ്ലീബാപെരുന്നാളിനുശേഷം 4–ാം ഞായർ**

ലൂക്കോസ് 16:9–17

വളരെ ആശയക്കുഴപ്പമുണ്ടാക്കുന്ന ഒരു വേദഭാഗമാണിത്. "അനീതിയുള്ള മാമോനെക്കൊണ്ട് നിങ്ങൾക്ക് സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ" എന്ന ആഹ്വാനം തെറ്റിധാരണാജനകവുമാണ്. മലയാളഭാഷയിലെങ്ങും "മാമോൻ" എന്ന ഭാഷാപ്രയോഗം കാണുന്നില്ല. ആരാണ് "അനീതിയുള്ള മാമോൻ?" അരമായ ഭാഷയിൽ തെറ്റായ മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുന്നവരുടെ ദേവനെ വിളിക്കുന്നത് "മാമോൻ" എന്നാണ്. മലയാളത്തിലേക്കും മറ്റു ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്തപ്പോൾ തത്തുല്യമായ പദം ഇല്ലാത്തതിനാൽ ആവണം ഈ പദം അതുപോലെ തന്നെ കടമെടുത്തത്. തെറ്റായ മാർഗ്ഗത്തിലൂടെ സമ്പാദിച്ച മാമുതലാണ് മാമോൻ. അനീതിയുടെ മാർഗ്ഗം ഉപയോഗിച്ച് പണം സമ്പാദിക്കുന്നവരോട് കൂട്ടുചേരണം എന്നാണ് യേശു പറയുന്നത് എന്ന് കരുതിയാൽ തെറ്റി.

ഈ വേദഭാഗം നന്നായി വായിക്കേണ്ടത് ആവശ്യമാണ്. 16:13 അവസാനിക്കുന്നത് ശ്രദ്ധിക്കുക. "നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയില്ല." രണ്ട് ധ്രുവങ്ങളിലായിട്ടാണ് ദൈവത്തെയും മാമോനെയും യേശു അവതരിപ്പിക്കുന്നത്. ദൈവീകതയുടെ വിപരീത ഗുണഫലങ്ങൾ മാമോനിൽ കാണുകയാണ് യേശു. അതായത് ദൈവീകമല്ലാത്ത മാമോനെ ഉപേക്ഷിക്കുക എന്നാണ് യേശു പറയുന്നത്. യേശുവിന്റെ ഉദ്ദേശം പരിശോധിക്കേണ്ടതാണ്. ആരെയാണ് അനീതിയുള്ള മാമോൻ എന്ന പദപ്രയോഗം കൊണ്ട് യേശു ഉദ്ദേശിക്കുന്നത്? യഹൂദരും, ശമര്യരും, പാലസ്തീൻ നിവാ

പ്രതികരണം

# എല്ലാവരോടും പകയോടെ-3

**എം. സൈമൺ**

റവ. ഡോ. കെ.എ. എബ്രാഹാമിന്റെ ദൈവശാസ്ത്രം എന്ന പുസ്തകത്തിലെ ഒരു ഉദ്ധരണി ഇപ്രകാരമാണ്. "Never fear criticism when you are right, but never ignore it when you are wrong." പക്ഷേ, ഈ ശരിതെറ്റുകളെ അപഗ്രഥിക്കുമ്പോൾ അവരുടെ ശരികളെ മാത്രം കണ്ടെത്തുന്നവരാണധികവും. അതുകൊണ്ട് തങ്ങളുടെ ചിന്തകളും പ്രവൃത്തികളും സഭയെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നു എന്നുള്ളത് അവർ വിഷയമാക്കാറില്ല. തുളസിയിലും ചീരയിലും കൃത്യമായി പതാരം കൊടുക്കുന്നതും കിണ്ടികിണ്ണങ്ങളുടെ പുറം മിനുക്കുന്നതുമാണ് ക്രിസ്തുമാർഗ്ഗമെന്ന് സ്വയം നിർവ്വചനം നൽകുന്നവരാണ് ഇന്ന് സഭയെ നയിക്കുന്നത്.

ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ "സഭാജീവിതത്തിനൊരു മാർഗ്ഗരേഖ"യിൽ ഇത് വിശദമാക്കിയിട്ടുണ്ട്. "ഭൗതികസുഖം ആത്യന്തികലക്ഷ്യമായി കരുതുന്ന സമൂഹവും സഭയുമാണിന്നുള്ളത്. സഭാശുശ്രൂകർ പ്രജ്ഞയും ദൈവീകബോധവും നഷ്ടപ്പെട്ട പള്ളിപ്രമാണികൾക്ക് വിധേയരായി മാറി. സഭയിൽ വഴക്കുണ്ടാക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. അവരെ നേർവഴിക്ക് നയിക്കാനുള്ള ഉൾവിളി സഭാപിതാക്കന്മാർക്കില്ലാത്തതുമൂലം പിളർപ്പുണ്ടാകുമ്പോൾ ഏതെങ്കിലും പക്ഷംചേരാൻ പാവം ജനങ്ങൾ നിർബന്ധിതരാകുന്നു. സഭാനേതൃത്വത്തിന്റെ ദർശനക്കുറവും ഭൗതീക ലാഭേച്ഛയുമാണ് വേർപിരിയലിന്റെ അടിസ്ഥാനം." ഈ സത്യം ജനങ്ങൾ തിരിച്ചറിയാതിരിക്കാനുള്ള മുഖംമൂടിയാണ് പാരമ്പര്യവും മേൽക്കോയ്മയുമൊക്കെ. ഇതുമൂലം സംജാതമാകുന്ന വൈകാരിക ലഹരിയെ അലക്സാണ്ടർ പോപ്പ് വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്. "ഏതാനും ആളുകളുടെ ലാഭത്തിനുവേണ്ടി അനേകം ആളുകളെ കളത്തിലിറക്കി നടത്തുന്ന ഭ്രാന്തുകളിയാണ് സഭാരാഷ്ട്രീയം." പരിശുദ്ധിയുടെ പരിവേഷമണിഞ്ഞ മഹാ ഇടയന്മാരുടെ ആത്മസംതൃപ്തിയിൽ കവിഞ്ഞ ലക്ഷ്യബോധം അവർക്കില്ല. കൊളോസിയത്തിൽ മല്ലടിക്കുന്നവരുടെ ഒലിച്ചിറങ്ങുന്ന ചോരകണ്ട് ഹരം പിടിക്കുന്ന റോമൻ ചക്രവർത്തിമാരാകരുത് സഭയെ നയിക്കുന്നത്.

മരണത്തിലൂടെയാണ് ജീവൻ. തകർക്കപ്പെടുന്നതിലാണ് മഹത്വം. ആധിപത്യമല്ല പങ്കാളിത്തവും പങ്കിടലുമാണ് ക്രിസ്തുവിന്റെ സന്ദേശം. ഇതിൽ നിന്നും വ്യതിചലിച്ചുള്ളതൊന്നും ക്രിസ്തുമാർഗ്ഗമല്ല (ദൈവശാസ്ത്രം). എങ്കിൽ സഭ എവിടെ നിൽക്കുന്നു എന്നത് ചിന്തനീയമാണ്.

അസ്സീസിയിലെ വി. ഫ്രാൻ സീസ് പ്രാർത്ഥിച്ചത് ഇങ്ങനെയായിരുന്നു. "ദൈവമേ എന്നെ നിന്റെ ദിവ്യസമാധാനത്തിന് ഉപകരണമാക്കേണമേ. പകയുള്ളിടത്ത് സ്നേഹവും- മുറിവേറ്റിടത്ത് ക്ഷമയും സംശയമുള്ളിടത്ത് വിശ്വാസവും പകരുവാൻ എനിക്ക് ഇടയാക്കേണമേ." നമുക്ക് അനുതാപത്തോടെ ഇത് പ്രാർത്ഥിക്കുവാൻ കഴിഞ്ഞാൽ ആ ദിവ്യസമാധാനത്തിലേയ്ക്കുള്ള വാതിൽ തുറന്നുകിട്ടും "If I cannot forgive I have no message at all" (ബോൺ ഹോഫർ) അനുരഞ്ജനത്തിന്റെ ദൃഷ്ടാന്തം കുരിശും അതിലൂടെ തകർന്ന ബന്ധങ്ങളുടെ വീണ്ടെടുപ്പുമാണ് (എഫേസ്യർ 2:14-16). അനുരഞ്ജനത്തിന്റെ ദൗത്യം ആരിലൂടെ നടന്നാലും അത് ദൈവീക ശുശ്രൂഷയാണ്. എന്നാൽ ആ ശുശ്രൂഷയിൽ മുമ്പേ പറക്കേണ്ട പക്ഷിയാകാൻ സഭയ്ക്ക് കഴിയുന്നില്ല (ദൈവശാസ്ത്രം). പക്ഷേ പറക്കാൻ ശ്രമിച്ചവർ പരാജയപ്പെട്ട ചരിത്രം നമ്മുടെ കൺമുമ്പിലുണ്ട്. കാരണം ലോകത്തിന്റെ മക്കൾ വെളിച്ചത്തിന്റെ മക്കളേക്കാൾ ബുദ്ധിശാലികളാണ് (ലൂക്കോസ് 16:8). മേലങ്കിയുടെ മറവിൽ കരഗതമായ പ്രാപഞ്ചിക സൗകര്യങ്ങൾ അവഗണിക്കാൻ തയ്യാറല്ലാത്ത സഭാസ്ഥാനീയരും അവരുടെ കടിഞ്ഞാൺ കയ്യിലുള്ള സഭാസാരഥികളും സമാധാനത്തെയും യോജിപ്പിനെയും ഭയപ്പെടുന്നവരാണ്. സഭയെ സ്നേഹിക്കുന്നവർക്കേ ശത്രുതയെ വെറുക്കാനാകൂ "Love is the only force capable of transforming an enemy in to a friend" (എബ്രഹാം ലിങ്കൺ). അതിനു വേണ്ടത് ക്ഷമയുടെയും സ്നേഹത്തിന്റെയും വിത്തുകൾ ഹൃത്തടങ്ങളിൽ പാകി മുളപ്പിക്കണം. എനിക്ക് പ്രവചനവരമോ ജ്ഞാനമോ മലയെ നീക്കാൻ തക്ക വിശ്വാസമോ ഉണ്ടെങ്കിലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ

---

സികളും, റോമൻ സാമ്രാജ്യ ശക്തിയുടെയും ദേവാലയ പ്രമാണിമാരുടെയും കപട സാമൂഹിക-സേവനത്തിന്റെ ഭവിഷ്യത്തുകൾ ഏറെ അനുഭവിച്ചവരായിരുന്നു. ഈ രാഷ്ട്രീയവും മതപരവുമായ ചൂഷണത്തെ അടിച്ചേല്പിക്കുന്ന അധികാര വർഗ്ഗവും, ഈ അധികാരികൾക്ക് കീഴിൽ ജീവിക്കേണ്ടി വന്ന പീഡിതവർഗ്ഗവും നിലനിൽക്കുന്ന കാലഘട്ടത്തിൽത്തന്നെയാണ് യേശു മാമോനെ വിട്ടു നിൽക്കുക എന്ന ആശയം പ്രചരിപ്പിക്കുന്നത്. തങ്ങളുടെ ചുരുങ്ങിയ സമ്പാദ്യങ്ങളിൽ നിന്നുപോലും ഭീമമായ തുക നികുതിയായും കരമായും ചുങ്കമായും കെട്ടി ജീവിതം ഹോമിക്കേണ്ടി വന്നവരോടുള്ള യേശുവിന്റെ ആഹ്വാനം അനീതിയുള്ള മാമ്മോൻ ദൈവത്തിന് എതിരാണ് എന്നുള്ളതാണ്.

ദൈവത്തിന്റെ രാജ്യത്തിൽ ഒരുതരത്തിലുമുള്ള ചുങ്കപ്പിരിവുണ്ടാവുകയില്ല. കാരണം അവിടെ ഏവരും മക്കളാണ്. ഭൗതീക ജീവിതത്തിൽ ചൂഷണത്തിന് വിധേയരായവരെ ദൈവരാജ്യപന്തിയിലേയ്ക്ക് യേശു ക്ഷണിക്കുന്നു. എന്നാൽ ഇത് നേടുവാൻ അനീതിയുള്ള മാമോനെ വെടിയുവാൻ തയ്യാറാവണം. ദൈവരാജ്യത്തിനുതകുന്നതായ പ്രവൃത്തി നാം ചെയ്യണം.

ഒന്നുമല്ല  എന്ന് പൗലോസ് ശ്ലീഹാ 1 കൊരിന്തി 13 ൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് സ്നേഹമെന്ന അടിസ്ഥാനശിലയായിരിക്കണം സഭയും വിശ്വാസവും പാരമ്പര്യവുമെല്ലാം. ആ ശിലയിളകിയാൽ ബാക്കിയെല്ലാം ഇടിഞ്ഞുവീഴുന്ന വ്യർത്ഥ സങ്കല്പങ്ങളാകും.

ജനനാനന്തര ജീവിതത്തിൽ കർമ്മസാഫല്യമുണ്ടെങ്കിലേ മരണാനന്തര ജീവിത പ്രതീക്ഷയ്ക്ക് സ്ഥാനമുള്ളൂ. അതുകൊണ്ടാണ് ക്രിസ്തു ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ടെന്നു പറഞ്ഞത്. അതു കണ്ടെത്തി സഭാമക്കൾക്ക് അനുഭവവേദ്യമാക്കിക്കൊടുക്കലാണ് സഭാപിതാക്കന്മാരുടെ ചുമതല. അതിലവർ പുലർത്തുന്ന അക്ഷന്തവ്യമായ നി സ്സംഗതമൂലം അനുയായികൾ ക്രിസ്തുമാർഗ്ഗത്തിലെ ദാർശനികത അറിയാതെ തങ്ങളെ നയിക്കുന്നവരുടെ ബുദ്ധികൊണ്ട് ചിന്തിക്കുകയും നാവുകൊണ്ട് സംസാരിക്കുകയും പൊരുളറിയാതെ ഇരുട്ടിൽ പരസ്പരം പോരടിക്കുകയും ചെയ്യുന്നു. ഇവിടെയാണ് ഉത്തരം കിട്ടേണ്ട കുറേ ചോദ്യങ്ങൾ ബാക്കിനിൽക്കുന്നത്.

നാം നഷ്ടമാക്കിയ ക്രിസ്തീയ സമാധാനവും ആത്മീയ കൂട്ടായ്മയും വിശ്വാസവുമായി ബന്ധമുള്ളതാണോ. അതിൽ നിന്നും നേട്ടം കൊയ്തവർ ആരാണ്. വിഭാഗീയതയെ ഏകീയതയാക്കാനുള്ള നീതിന്യായ തീർപ്പുകളെ അവഗണിച്ചുകൊണ്ടുള്ള പ്രതിപ്രവർത്തനം സ്വാർത്ഥ താല്പര്യസംരക്ഷണത്തിനു വേണ്ടിയായിരുന്നില്ലേ. സ്വപക്ഷത്തുള്ള പ്രഗത്ഭരെ പിന്തള്ളി ഉന്നതപദവി സ്വന്തമാക്കിയില്ലായിരുന്നെങ്കിൽ ഈ സംശയത്തിന് പ്രസക്തിയുണ്ടാകുമായിരുന്നില്ല.

തർക്കങ്ങൾ തീർപ്പുകല്പിക്കപ്പെടുമ്പോഴുണ്ടാകുന്ന വ്യക്തിപരമായ നഷ്ടങ്ങൾ നികത്തുന്നതിന് വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ആരാധനയിലുമെല്ലാം ഏകീകൃതഭാവമുള്ള സഭയെ വിഭജനത്തിലൂടെ വികൃതമാക്കിയവർ എഴുപതുകളിൽ വീണ്ടും പ്രശ്നങ്ങൾ തുടങ്ങിയപ്പോൾ ഈ മാർഗ്ഗം കൈക്കൊണ്ടിരുന്നെങ്കിൽ വിശ്വാസികളുടെ ലക്ഷക്കണക്കായ നേർച്ചപണം കറുത്ത കോട്ടിട്ട നോർത്തിന്ത്യൻ ഗോസായിമാരുടെ കീശയിൽ ചെന്നുവീഴില്ലായിരുന്നു. ഇത് ഒരു വിഭാഗത്തിന്റെ കഥ.

നിയമം അനുകൂലമായപ്പോൾ വിനയം കൈവിട്ടുകളഞ്ഞ മറുഭാഗം രണ്ടായിരുന്നതിനെ ഒന്നാക്കി മാറ്റാൻ മാനസികമായി ഒരുക്കുന്നതിന് സാവകാശം എടുക്കാതെ പുതിയ പേര് അടിച്ചേല്പിക്കുക വഴി യാക്കോബായ എന്ന പേരിനോട് വൈകാരികബന്ധം പുലർത്തിയിരുന്ന വിഭാഗത്തെ പ്രകോപിപ്പിപ്പാനേ കഴിഞ്ഞുള്ളൂ. നേരെ മറിച്ച് ആ പേര് നിലനിർത്തിയിരുന്നുവെങ്കിൽ പുതിയ സഭയ്ക്ക് രൂപം കൊടുത്തവർ വ്യത്യസ്തതയ്ക്കുവേണ്ടി യാക്കോബായ ഒഴിവാക്കേണ്ടിവരുമായിരുന്നു.  മാത്രമല്ല, പുതിയ സഭയെന്ന തിരിച്ചറിവിൽ ബഹുഭൂരിപക്ഷംപേരും അതിന്റെ പിന്നാലെ പോകില്ലായിരുന്നു.

കാലങ്ങളായി ആചരിച്ചിരുന്ന പാത്രിയർക്കാ ദിനം നിർത്തലാക്കുക വഴി ഓർത്തഡോക്സ്കാർ പാത്രിയർക്കീസ് വിരോധികളാണെന്ന് ജനം വിലയിരുത്തി.

ഇവിടെ തീരുമാനിക്കുന്നു. അവിടെ അനുസരിക്കുന്നു എന്ന നയത്തിലേയ്ക്ക് പാത്രിയർക്കേറ്റിനെ തിരുത്തിയെടുക്കാനും ഭരണത്തിലും സ്വത്തുക്കൾക്കും അധീശത്വം നഷ്ടമാക്കാതെ തന്നെ അന്ത്യോഖ്യാ യാക്കോബായ ബന്ധം സുദൃഢമാക്കി സഭയെ ഭരിക്കാൻ ആ നേതൃത്വത്തിന് കഴിയുന്നുവെങ്കിൽ, തർക്കവിഷയം അതായിരിക്കെ ഈ സാഹചര്യം ഒരുക്കിയെടുക്കാൻ മറുഭാഗത്തിന് കഴിയാതെ പോയത് നേതൃത്വത്തിന്റെ കഴിവുകേടല്ലേ.

ഒരു വഴിപിരിയലിന്റെ ദുർദിനത്തിലേയ്ക്ക് നിസ്സംഗരായി കടന്നുചെല്ലാതെ ഏകത്വം എന്ന ക്രിസ്തീയ മാർഗ്ഗം വെട്ടിത്തുറക്കാൻ ഇരുനേതൃത്വവും ഒരു ശ്രമവും നടത്താതിരുന്നതു മൂലം സഭയ്ക്ക് നഷ്ടമായ ആത്മീയ ചൈതന്യത്തിൽ നിരാശരായ അനേകം വിശ്വാസികൾ നവ ആത്മീക സഭകളിലേയ്ക്കും ചിതറിപ്പോകാൻ ഇടയാക്കിയതിന്റെ കാരണക്കാർ സഭയെ നയിക്കുന്നവർ തന്നെയാണ്. ഏല്പിച്ച താലന്തുകൾ വർദ്ധിപ്പിക്കാൻ കഴിയാത്ത ദാസൻ ശിക്ഷിക്കപ്പെട്ടു എങ്കിൽ ഉണ്ടായിരുന്നത് നഷ്ടമാക്കിയ ദാസൻ എത്രയധികം ശിക്ഷിക്കപ്പെടും.

ഇടയ്ക്കിടെ കണ്ണുനീരുകൊണ്ട് കണ്ണ് കഴുകിയാൽ ജീവിതത്തെ നല്ല തെളിച്ചത്തോടെ കാണാൻ കഴിയും. ആത്മാവ് നിർമ്മലമാകും (ഫിലോക്കാലിയ). കണ്ടനാട് ഭദ്രാസനദിനത്തിൽ ചൊല്ലിയ പ്രാർത്ഥന വളരെ അർത്ഥവത്തായിരുന്നു. “സഭയുടെ ഐക്യശ്രമത്തിൽ ഉറച്ചുനില്ക്കുവാനും സമാധാന മാർഗ്ഗത്തിൽ നടക്കുവാനും ബാദ്ധ്യതയുള്ള ഞങ്ങൾ അവ മറന്ന് എളുപ്പമാർഗ്ഗങ്ങൾ തേടുന്നു. കർത്താവേ അങ്ങ് കാട്ടിത്തന്ന വഴികൾ തിരിച്ചറിയാതെ തെളിയാത്ത ബോധവും തുറക്കാത്ത കണ്ണുകളുമായി ഞങ്ങൾ ഇരുട്ടിൽ കഴിയുന്നു. നിന്റെ പേരിൽ അറിയപ്പെടുന്നതു മാത്രമാണ് ഞങ്ങളുടെ യോഗ്യത.”

ആത്മാവിന്റെ അടിത്തട്ടിൽ നിന്ന് ഉയർന്നുവന്ന അനുതാപത്തിന്റെ സ്ഫുലിംഗങ്ങളാണീ വരികളിലെങ്കിൽ നമുക്ക് വെളിവ് നിറഞ്ഞവഴികളിലേയ്ക്ക് തുറന്ന കണ്ണുകളോടെ തിരിഞ്ഞു നടക്കാം. തിരിച്ചുവരവിനുള്ള നമ്മുടെ കാലടികൾ തളരാതിരിക്കട്ടെ. ആ പ്രയാണം തുടരാനുള്ള തീരുമാനം ഇന്നുതന്നെയാകട്ടെ. “ആകാശത്തിലെ പെരിഞ്ഞാറ തന്റെ കാലമറിയുന്നു. കുറുപ്രാവും മീവൽപ്പക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അറിയുന്നു. എന്റെ ജനമോ എന്റെ ഹിതം അറിയുന്നില്ല” (യിരമ്യാവ് 8:7). നമുക്കൊരുമിച്ചു പോകാം. ഒരുമിച്ചു സംസാരിക്കാം. ഒരുമിച്ച് മനസ്സിലാക്കാൻ ശ്രമിക്കാം. Coming together is a beginning keeping together is success. Working together is divine ആ വിശുദ്ധിയെ നമുക്കിന്ന് ലക്ഷ്യമാക്കാം. പ്രതിബന്ധങ്ങളുണ്ടാകാം. “എല്ലാ ഞെരുക്കങ്ങൾക്കു കൂടെയും ഒരെളുപ്പവുമുണ്ടാകും.” എന്ന നബിവാക്കുകൾ നമുക്ക് പ്രത്യാശ പകരട്ടെ. “തമസോ മാ ജ്യോതിർഗമയ” എന്ന ഉപനിഷത് സന്ദേശം നമ്മുടെ സഭയിലും സംഭവിക്കട്ടെ.

സ്നേഹിക്കുകയില്ല ഞാൻ
ക്രിസ്തുമാർഗ്ഗങ്ങളെ മാനിച്ചിടാത്തൊരു
നീതിശാസ്ത്രത്തെയും

ഇതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

## താക്കോലുകൾ ഏല്പിക്കുവാൻ കോടതി ഉത്തരവായി

ആറൂർ: മേരിഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെയും ഭണ്ഡാരങ്ങളുടെയും, മുറികളുടെയും, അനുബന്ധ സ്ഥാപനങ്ങളുടെയും താക്കോലുകൾ മൂവാറ്റുപുഴ R.D.O. യെ ഏല്പിക്കണമെന്നും പള്ളി ഭരണകാര്യങ്ങൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ തുടരണമെന്നും ബഹു. കേരള ഹൈക്കോടതി ഉത്തരവായി. ഫാ. ഏലിയാസ് ചെറുകാട് ശുശ്രൂഷ നടത്തിവന്ന ദേവാലയത്തിൽ യാക്കോബായ വിഭാഗം നടത്തിയ അനധികൃത കയ്യേറ്റ ശ്രമത്തെ തുടർന്ന് 2004 മുതൽ പള്ളിയുടെ പൂർണ്ണ നിയന്ത്രണം മൂവാറ്റുപുഴ R.D.O. യുടെ ചുമതലയിലായിരുന്നു. പള്ളിയുടെ അവകാശം സംബന്ധിച്ച് ഓർത്തഡോക്സ് വിഭാഗം നൽകിയിരുന്ന ഹർജി സാങ്കേതിക ന്യൂനത ചൂണ്ടിക്കാട്ടി (സെക്ഷൻ–92 അനുസരിച്ചല്ല കേസ്സ് ഫയൽ ചെയ്തിരിക്കുന്നത്) ബഹു. എറണാകുളം ജില്ല കോടതി തള്ളിയിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് മറുവിഭാഗം നൽകിയ ഹർജിയും കോടതി തള്ളിക്കളയും എന്ന സ്ഥിതിയിൽ പരാതിക്കാർ തന്നെ പിൻവലിച്ചിരുന്നു.

തുടർന്ന് ഓർത്തഡോക്സ് വിഭാഗം നൽകിയ അപ്പീൽ പരിഗണിച്ച് ബഹു. ഹൈക്കോടതി തൽസ്ഥിതി തുടരുവാൻ ഉത്തരവായെങ്കിലും അന്നത്തെ R.D.O. പി.കെ. നളൻ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് പള്ളിയുടെയും, മറ്റും താക്കോലുകൾ യാക്കോബായ വിഭാഗത്തിനു കൈമാറുകയായിരുന്നു. ഈ നടപടിയെ ചോദ്യം ചെയ്ത് ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ജസ്റ്റിസ് ഹാറൂൺ അൽറഷീദ് R.D.O. യ്ക്ക് താക്കോൽ കൈമാറാൻ ഉത്തരവ് നൽകിയത്. ഹർജിക്കാർക്കുവേണ്ടി അഡ്വ. എസ്. ശ്രീകുമാർ ഹാജരായി.

## ഉദ്ഘാടനം നിർവ്വഹിച്ചു

വടകര: ഗിലയാദ് വയോഭവന്റെ ഉദ്ഘാടനം ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് നിർവ്വഹിച്ചു. വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ജോയി കടുകുംമാക്കിൽ അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ വന്ദ്യരായ തോമസ് പോൾ റമ്പാൻ, കൊച്ചുപറമ്പിൽ ഗീവർഗ്ഗീസ് റമ്പാൻ, ഭദ്രാസന സെക്രട്ടറി ഫാ. എബ്രഹാം കാരാമ്മേൽ, വടകര കത്തോലിക്കാപള്ളി വികാരി, ഫാ. ജോൺ അഞ്ചേരിയിൽ, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വസുമതി അമ്മ, വാർഡ് മെമ്പർ ശ്രീ. ബേബി കീരാന്തടം എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. ഏലിയാസ് ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. സൈമൺ വർഗീസ് സ്വാഗതവും ഫാ. ബാബു എബ്രഹാം നന്ദിയും പറഞ്ഞു.

അന്വേഷണങ്ങൾക്ക് :

9961636342, 9447417867

## വനിതാസമാജം ഏകദിന ധ്യാനയോഗം

മൂവാറ്റുപുഴ: കണ്ടനാട് (E) ഭദ്രാസന മർത്തമറിയം വനിതാസമാജത്തിന്റെ ഏകദിനധ്യാനയോഗം അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 2010 സെപ്തംബർ 21 ന് ചൊവ്വാഴ്ച മൂവാറ്റുപുഴ സെയ്ന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടക്കും. "നാം കഷ്ടം അനുഭവിപ്പാൻ നിയമിക്കപ്പെട്ടവർ" (1 തെസ്സ. 3:3) എന്നതാണ് ചിന്താവിഷയം. ക്ലാസ്സുകൾക്ക് അഭിവന്ദ്യ തിരുമേനിയും ഫാ. ഗീവർഗീസ് റമ്പാനും, മിസ്സിസ് ജിജി ജോൺസണും നേതൃത്വം നൽകും. രാവിലെ 9.30 ന് ആരംഭിച്ച് വൈകിട്ട് 3 ന് അവസാനിക്കും.

## സഹവികാരി നിയമനം ശരിവച്ചു

കടവൂർ: കണ്ടനാട് (E) ഭദ്രാസനത്തിൽപ്പെട്ട ഞാറക്കാട് സെയ്ന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനിപള്ളിയിലേയ്ക്ക് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി കാക്കയാനിക്കൽ ഫാ. ബാബു എബ്രാഹാമിനെ സഹവികാരിയായി നിയമിച്ചത് ശരിവച്ചുകൊണ്ട് മൂവാറ്റുപുഴ സബ്കോടതി ഉത്തരവായി.

ഫാ. ജോസ് വെട്ടിക്കുഴിയാണ് ഇപ്പോഴത്തെ വികാരി. ഈ വിധിയോടുകൂടി ഇടവകയുടെ ഭരണം സംബന്ധിച്ച് വ്യക്തത കൈവന്നിരിക്കുകയാണ്. കഴിഞ്ഞ ഒരുമാസമായി നിലനിന്നിരുന്ന പ്രതിസന്ധിക്ക് ഈ വിധിയോടുകൂടി വിരാമമായി. യാക്കോബായ വിഭാഗത്തിന്റെ എല്ലാ വാദങ്ങളും തള്ളിക്കൊണ്ടാണ് കോടതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഫാ.ബാബു എബ്രഹാം സെപ്റ്റംബർ 12–ാം തീയതി ഞായറാഴ്ച പള്ളിയുടെ സഹവികാരിയായി വിശുദ്ധ കുർബാന അർപ്പിച്ച് ചുമതലയേറ്റു.

## K.C.C. പ്രസിഡന്റ്

കൊട്ടാരക്കര: Kerala Council of Churches–സിന്റെ അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള പ്രസിഡന്റായി മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനാധിപൻ അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തെരഞ്ഞെടുക്കപ്പെട്ടു. അഭി. മാത്യൂസ് മാർ ഈവാനിയോസ്, ഡോ. സൈമൺ ജോൺ, ഡോ. സൂസൻ തോമസ്, ഫാ. ബി.ഒ. തിമോത്തി എന്നിവർ വൈസ് പ്രസിഡന്റുമാരായും ഫാ. മാത്യൂസ് വെട്ടിയാനിക്കൽ, ശ്രീമതി ജിജി ജോൺസൺ എന്നിവർ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു. കഴിഞ്ഞ 26, 27, 28 തീയതികളിൽ കൊട്ടാരക്കരയിൽ നടന്ന കെ.സി.സി. ത്രൈ വാർഷിക അസംബ്ലിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha